# മാനന്തവാടി നഗരസഭ
# ബജറ്റ് 2026–27



# ആമുഖം

അത്യന്തം വിനയത്തോടും വലിയ ഉത്തരവാദിത്തബോധത്തോടും കൂടിയാണ് പുതിയ ഭരണസമിതി മാനന്തവാടി നഗരസഭയുടെ ഭരണസാരഥ്യം ഏറ്റെടുത്തിരിക്കുന്നത്. മാനന്തവാടിയുടെ പുരോഗതിക്കായി മുന്നോട്ടുവെച്ച വികസനകാഴ്ചപ്പാടുകളിൽ ജനങ്ങൾ അർപ്പിച്ച വലിയ വിശ്വാസത്തിന്റെ പ്രതിഫലനമാണ് ഈ ഭരണത്തുടർച്ച. ആ വിശ്വാസം കാത്തുസൂക്ഷിക്കാനും കൂടുതൽ കരുത്തോടെ മുന്നോട്ട് പോകാനുമുള്ള ഭരണസമിതിയുടെ പ്രതിജ്ഞാബദ്ധത ഈ ബജറ്റിലും ദർശിക്കാനാകും.

കഴിഞ്ഞ കാലയളവിൽ നമ്മൾ നേരിട്ട പ്രാദേശിക വെല്ലുവിളികൾക്ക് ശാശ്വത പരിഹാരം കാണുന്നതിനും സുതാര്യവും മാതൃകാപരവുമായ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനും നമുക്ക് സാധിച്ചിട്ടുണ്ട്. ആ കരുത്തുറ്റ അടിത്തറയിൽ നിന്നുകൊണ്ട്, കൂടുതൽ വലിയ ലക്ഷ്യങ്ങളിലേക്കും സ്വപ്നങ്ങളിലേക്കും നാം ഈ സാമ്പത്തിക വർഷം ചുവടുവയ്ക്കുകയാണ്.

നഗരസഭയുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ, വികസനത്തിന്റെ ഗുണഫലങ്ങൾ ഓരോ വ്യക്തിയിലേക്കും എത്തുന്നുവെന്ന് ഉറപ്പാക്കാനാണ് ഈ ബജറ്റിലൂടെ ലക്ഷ്യമിടുന്നത്. പ്രധാനമായും മൂന്ന് മേഖലകൾക്ക് ഈ വർഷം നമുക്ക് മുൻഗണന നൽകാം: 1) ആധുനിക അടിസ്ഥാന സൗകര്യങ്ങൾ: റോഡുകൾ, പൊതു ഇടങ്ങൾ, ശാസ്ത്രീയമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ എന്നിവയുടെ നവീകരണം. 2) ഡിജിറ്റൽ സുതാര്യത: നഗരസഭാ സേവനങ്ങൾ കൂടുതൽ വേഗത്തിലും സുതാര്യമായും ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള സാങ്കേതികവിദ്യകളുടെ ഏകോപനം. 3) സാമൂഹിക ശാക്തീകരണം: പാർശ്വവൽക്കരിക്കപ്പെട്ടവർക്കും ദുർബലവിഭാഗങ്ങൾക്കും കൈത്താങ്ങാകുന്ന വിധത്തിലുള്ള ക്ഷേമപ്രവർത്തനങ്ങളുടെ വിപുലീകരണം.

ഭരണനിർവഹണം എന്നത് ഭരണസമിതിയുടെയും ജനങ്ങളുടെയും ഒരു കൂട്ടായ യാത്രയാണ്. കക്ഷിരാഷ്ട്രീയ ഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളിൽ നിന്നുമുള്ള ക്രിയാത്മകമായ ഇടപെടലുകളെയും നിർദ്ദേശങ്ങളെയും ഞങ്ങൾ സ്വാഗതം ചെയ്യുന്നു. നീതിയുക്തവും ദീർഘവീക്ഷണമുള്ളതുമായ ഒരു ഭരണം കാഴ്ചവെക്കാൻ അത് അത്യന്താപേക്ഷിതമാണ്.

സംസ്ഥാനത്തിന് തന്നെ മാതൃകയാക്കാവുന്ന വിധത്തിൽ വികസനവും സാമൂഹിക സൗഹൃദവും പുലരുന്ന ഒരു മാനന്തവാടിയെ കെട്ടിപ്പടുക്കാൻ നമുക്ക് ഒരുമിച്ച് നീങ്ങാം.

സ്നേഹപൂർവം,<br>
**ജേക്കബ് സെബാസ്റ്റ്യൻ**<br>
(ചെയർപേഴ്സൺ, മാനന്തവാടി നഗരസഭ)

## ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | 03 |
| | ബജറ്റ് അവതരണപ്രസംഗം | 07 |
| I | പൊതുപദ്ധതികൾ | 08 |
| | (പശ്ചാത്തലമേഖല- പൊതുമരാമത്ത് - നഗരാസൂത്രണം) | |
| II | കാർഷിക ഉല്പാദനമേഖല | 14 |
| III | സമഗ്രക്ഷേമ പദ്ധതികൾ | 17 |
| IV | വിദ്യാഭ്യാസം, കലാകായിക, സാംസ്കാരികമേഖല | 19 |
| V | ആരോഗ്യമേഖല | 22 |
| VI | പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെ വികസനം | 23 |
| VII | മാലിന്യമുക്ത മാനന്തവാടി | 25 |
| VIII | ദുരന്തനിവാരണം | 26 |
| IX | വനിതാവികസനം | 26 |
| X | യുവജനക്ഷേമം | 28 |
| XI | വിനോദസഞ്ചാരമേഖല | 28 |
| XII | മാസ്റ്റർ പ്ലാൻ പ്രകാരം വിഭാവനം ചെയ്യുന്ന പ്രധാന പദ്ധതികളും ദിശാസൂചികകളും | 29 |
| | ഉപസംഹാരം | 31 |



### മാനന്തവാടി നഗരസഭാ ഡെപ്യൂട്ടി ചെയർപേഴ്സണും ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനുമായ അഡ്വ. സിന്ധു സെബാസ്റ്റ്യന്റെ ബജറ്റ് അവതരണപ്രസംഗം

പുതിയ പ്രതീക്ഷയുടെയും ക്രിയാത്മകമായ മാറ്റങ്ങളുടെയും പ്രഭാവലയത്തിൽ നിന്നുകൊണ്ടാണ് മാനന്തവാടി നഗരസഭയുടെ 2026-27 സാമ്പത്തികവർഷത്തെ ഈ ബജറ്റ് നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്നത്. ജനാധിപത്യപ്രക്രിയയിലൂടെ നഗരസഭയുടെ ഭരണച്ചുമതല ഏറ്റെടുത്ത പുതിയ ഭരണസമിതിയെ സംബന്ധിച്ചിടത്തോളം, ഇത് കേവലമൊരു വരവ്-ചെലവ് കണക്കല്ല; മറിച്ച് വരും ദശകങ്ങളിലേക്ക് മാനന്തവാടിയെ നയിക്കാനുള്ള ഞങ്ങളുടെ സമഗ്ര വികസന കാഴ്ചപ്പാടിന്റെ ഔദ്യോഗിക പ്രഖ്യാപനമാണ്.

വികസനം കൊതിക്കുന്ന ഒരു പൈതൃകനഗരമാണ് മാനന്തവാടി. നൂറ്റാണ്ടുകളിലൂടെ വളർന്നുവന്ന വ്യത്യസ്ത സംസ്കാരങ്ങളുടെ സംഗമഭൂമി. ജാതി-മത-ഭാഷകളുടെ, സംസ്കാരങ്ങളുടെ വ്യത്യസ്തതകൾക്കിടയിലും ഏകോദര സഹോദരങ്ങളായി ജീവിക്കുന്ന മനുഷ്യർ, ശാന്തിയുടെയും സമാധാനത്തിന്റെയും നാട്. നൂറ്റാണ്ടുകൾക്ക് മുൻപ് ഒരു ചെറുപട്ടണമായിരുന്ന മാനന്തവാടി വളർന്നുവികസിച്ച് ഇന്നീ കാണുന്ന നഗരമായി. കുന്നുകളും പുഴകളും സമതലങ്ങളും നെൽപാടങ്ങളുമെല്ലാമായി പ്രകൃതിസുന്ദരമായ പ്രദേശം ഒരു നഗരത്തിലേക്ക് വളർന്നപ്പോഴുണ്ടായ വീർപ്പുമുട്ടലുകളും അസൗകര്യങ്ങളും സ്വാഭാവികം മാത്രം. കൃത്യമായ പ്ലാനിങ്ങിലൂടെ ഈ നഗരത്തെ പുനർരചിക്കുക എന്നതും ക്ലേശകരമാണ്. എന്നാൽ അതിനുള്ള ശ്രമങ്ങൾ ഒരു ഭാഗത്ത് നടക്കുന്നുമുണ്ട്. പാരമ്പര്യത്തിന്റെ നന്മകളെയും ആധുനികതയുടെ മേന്മകളെയും നമുക്ക് ഒരുമിച്ചുചേർത്ത് മുന്നേറാം. പഴയകിയ ശീലങ്ങളിൽ നിന്നും രീതികളിൽ നിന്നും മോചിതമായി, പുതിയ സ്വപ്നങ്ങളെ നെഞ്ചേറ്റുന്ന ഒരു 'നവ-മാനന്തവാടി' യാണ് ഈ ബജറ്റ് വിഭാവനം ചെയ്യുന്നത്.

പ്രകൃതിദുരന്തങ്ങളും മഹാമാരികളും അതിജീവിച്ച നാമിപ്പോൾ കാർഷികരംഗത്തെ തകർച്ചകളും സാമ്പത്തികപ്രതിസന്ധികളും മറികടക്കാനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സാധാരണക്കാരും പാവപ്പെട്ടവരുമായ മനുഷ്യർക്ക് കൈത്താങ്ങാവുന്ന പദ്ധതികളാണ് ഈ ഭരണസമിതി ലക്ഷ്യമിടുന്നത്. നഗരസഭയിലെ ഓരോ ഡിവിഷനിലും കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരിക എന്നതും ഭരണസമിതിയുടെ ലക്ഷ്യമാണ്.

ജവഹർലാൽ നെഹ്റു വിഭാവനം ചെയ്ത ആസൂത്രിതവികസനവും രാജീവ് ഗാന്ധി തുറന്നുതന്ന ആധുനിക ഇന്ത്യയുടെ കവാടങ്ങളും നമുക്കെന്നും വഴികാട്ടിയാണ്. നഗരത്തിന്റെ ഭൂപരമായ വെല്ലുവിളികളെയും പരിമിതികളെയും അതിജീവിച്ച് മുന്നേറാനുള്ള ആത്മവിശ്വാസത്തോടെയാണ് ഈ കർമ്മപദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്. മാനന്തവാടിയെ വെറുമൊരു ടൗൺ എന്ന നിലയിൽ നിന്നും എല്ലാ സൗകര്യങ്ങളുമുള്ള ഒരു 'ഹൈ-ടെക് സിറ്റി' എന്ന നിലയിലേക്കും സുന്ദരമായ മഹാ- ആനന്ദവാടിയിലേക്കും മാറ്റാനുള്ള ഈ ദൗത്യത്തിൽ രാഷ്ട്രീയഭേദമന്യേ എല്ലാവരുടെയും സഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

"ഇന്ന് നാം ചെയ്യുന്ന ചെറിയ കാര്യങ്ങളാണ് നല്ലൊരു നാളെയെ സൃഷ്ടിക്കുക " എന്ന മഹാത്മജിയുടെ വാക്കുകൾ നമുക്ക് പ്രചോദനമാട്ടെ.

# I. പൊതുപദ്ധതികൾ

## (പശ്ചാത്തലമേഖല- പൊതുമരാമത്ത് - നഗരാസൂത്രണം)

1. **'എന്റെ വീട്' സമ്പൂർണ്ണ ഭവനപദ്ധതി (PMAY Phase II):** നഗരസഭയിലെ ഭവനരഹിതരായ മുഴുവൻ ജനറൽ/പട്ടികവർഗ്ഗ/ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും വീട് നിർമ്മിച്ചു നൽകുക എന്ന ഉദ്ദേശത്തോടെയാണ് 'എന്റെ വീട്' പദ്ധതി **(PMAY Phase II)** നടപ്പാക്കുന്നത്. കേന്ദ്രസർക്കാരിൽ നിന്ന് 15 കോടിയും സംസ്ഥാന സർക്കാരിൽ നിന്ന് അഞ്ചു കോടി രൂപയും ലഭ്യമാക്കി നടപ്പിൽ വരുത്തുന്ന ഈ പദ്ധതിക്കുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതത്തിനുപുറമെ മാനന്തവാടി നഗരസഭ **16 കോടി രൂപ** വകയിരുത്തുന്നു. ഇതിനുപുറമെ, സ്വന്തമായി ഭൂമിയില്ലാത്ത ഭവനരഹിതർക്ക് നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ പത്തേക്കർ ഭൂമി നഗരസഭ വാങ്ങി നൽകും. ഈ ഭൂമി വാങ്ങുന്നതിനായി **2 കോടി രൂപ** ബജറ്റിൽ വകയിരുത്തുന്നു.

2. **'തെളിനീർ അമൃത് 3.0' സമ്പൂർണ്ണ കുടിവെള്ളപദ്ധതി:** മനുഷ്യന്റെ അടിസ്ഥാനപ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ ശുദ്ധമായ കുടിവെള്ളലഭ്യതയ്ക്ക് കഴിഞ്ഞ ഭരണസമിതി മുൻഗണന നൽകിയിരുന്നു. നഗരസഭാ പരിധിയിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതവും മുനിസിപ്പാലിറ്റിയുടെ വിഹിതവും ഉപയോഗിച്ചുകൊണ്ട് നടപ്പാക്കിയ അമൃത് 2. 0 പദ്ധതി 36 ഡിവിഷനുകളിലെയും കുടിവെള്ളക്ഷാമത്തിന് ഒരുപരിധിവരെ പരിഹാരം കണ്ടെത്തുന്നതിൽ വിജയിച്ചു. വയനാടിന്റെ പ്രിയങ്കരനായ എം പി ശ്രീ രാഹുൽ ഗാന്ധി ഉദ്ഘാടനം ചെയ്ത അമൃത് 2. 0 പദ്ധതിയിലൂടെ 3000-ൽ പരം കുടിവെള്ളകണക്ഷൻ കൊടുക്കുവാൻ സാധിച്ചു. ചിറക്കര, പഞ്ചാരക്കൊല്ലി, പിലാക്കാവ്, കുറ്റിമൂല എന്നീ ഡിവിഷനുകളിലെ കുടിവെള്ളപ്രശ്നം പൂർണമായി പരിഹരിക്കുന്നതിനായി കുറ്റിമൂല ജഡ്ജിക്കുന്നിൽ മൂന്നുലക്ഷം ലിറ്റർ ജലം സംഭരിക്കാൻ സാധിക്കുന്ന ടാങ്കിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കുടിവെള്ളമില്ലാത്ത എല്ലാ ഭവനങ്ങളിലും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത സമ്പൂർണ്ണ കുടിവെള്ളപദ്ധതിക്കായി ഈ ബജറ്റിൽ **ഒരു കോടി രൂപ** വകയിരുത്തുന്നു.

3. **ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകൾ (Waste water treatment plants) :** നഗരസഭയിലെ ദ്രവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി വിവിധ തരത്തിലുള്ള സംസ്കരണ പ്ലാന്റുകൾ വിവിധ പ്രദേശങ്ങളിൽ സ്ഥാപിക്കുന്നു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിനജലം/മനുഷ്യവിസർജ്യമടക്കം ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ശുദ്ധീകരിച്ച് പരിസ്ഥിതി മലിനീകരണം ഒഴിവാക്കുകയാണ് ലക്ഷ്യം. നഗരസഭയുടെ ചരിത്രത്തിലെതന്നെ ഏറ്റവും വലിയ ശുചിത്വ പദ്ധതികളിൽ ഒന്നാണിത്. ഈ പദ്ധതിക്കായി ബജറ്റിൽ **32 കോടി രൂപ** വകയിരുത്തുന്നു.

4. **ബസ് സ്റ്റാൻഡ് കം മിനി ഷോപ്പിംഗ് കോംപ്ലക്സ്:** മാനന്തവാടി ലിറ്റിൽ ഫ്ളവർ സ്കൂളിന് സമീപത്തായി ഇപ്പോൾ പ്രവർത്തിച്ചുവരുന്ന ബസ് സ്റ്റാൻഡും അതുൾപ്പെടുന്ന കെട്ടിടവും അപകടാവസ്ഥയിലാണ്. ആയതിനാൽ ഈ കെട്ടിടം പൊളിച്ചുമാറ്റി പുതിയത് പണികഴിപ്പിയ്ക്കേണ്ടത് വളരെയേറെ അത്യന്താപേക്ഷിതമാണ്. നിലവിലെ ബസ്റ്റാൻഡിൽ ബസുകൾ പാർക്ക് ചെയ്യുന്ന സ്ഥലത്ത് ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന

പദ്ധതിക്കായി ബജറ്റിൽ **15 കോടി രൂപ** വകയിരുത്തുന്നു.

5. **മുൻസിപ്പൽ ബസ് സ്റ്റാൻഡ് :** മാനന്തവാടി നഗരസഭയുടെ മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിരിക്കുന്ന, മാനന്തവാടി ബിഷപ്പ് ഹൗസിന്റെ കൈവശമുള്ള രണ്ട് ഏക്കർ സ്ഥലത്ത് ആധുനിക ബസ് ടെർമിനൽ നിർമ്മാണത്തിന് ഡിപിആർ അടക്കമുള്ള പ്രാരംഭ ചെലവിലേക്കായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

6. **കൺവെൻഷൻ സെന്റർ@ചൂട്ടക്കടവ്:** മാനന്തവാടി നഗരസഭയിൽ നടത്തപ്പെടുന്ന വിവിധ സാമൂഹിക സാംസ്കാരിക പരിപാടികൾക്ക് നഗരസഭയുടെ കീഴിൽ സമുചിതമായ ഒരു വേദി അനിവാര്യമാണ്. അതിനുവേണ്ടി നഗരസഭയുടെ അധീനതയിൽ ചൂട്ടക്കടവിലുള്ള സ്ഥലത്ത് ആധുനിക രീതിയിലുള്ള ഒരു കൺവെൻഷൻ സെൻറർ ആരംഭിക്കുന്നതിനായി ഈ ബജറ്റിൽ **3 കോടി രൂപ** വകയിരുത്തുന്നു.

7. **പ്രാദേശിക റോഡുകൾ 'സുഗമം' പദ്ധതി:** ഒരു പ്രദേശത്തിന്റെ സമഗ്രവികസനത്തിനും വളർച്ചയ്ക്കും നിർണായകമായ ഘടകങ്ങളാണ് പ്രാദേശിക റോഡുകൾ. ഇവയുടെ പരിപാലനവും ശാസ്ത്രീയമായ നവീകരണവും നടത്തേണ്ടതും പുതിയ റോഡുകളും നടവഴിവഴികളും നിർമ്മിക്കേണ്ടതും അടിയന്തരപ്രാധാന്യമുള്ള കാര്യങ്ങളാണ്. മാനന്തവാടി ടൗണിലെ ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് പ്രധാന റോഡുകളെ ബന്ധിപ്പിച്ചുകൊണ്ട് റിംഗ് റോഡ് നിർമ്മിക്കുന്നതും ആവശ്യമാണ്. ആയതിലേക്ക് **14 കോടി രൂപ** വകയിരുത്തുന്നു.

8. **ഫ്ളൈ ഓവറുകൾ:** നഗരത്തിലെ രൂക്ഷമായ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിനായി എൽ. എഫ് ജംഗ്ഷൻ, കോഴിക്കോട് ജംഗ്ഷൻ, ഗാന്ധിപാർക്ക്, ടി. ടി. എ ജംഗ്ഷൻ എന്നിവിടങ്ങളിൽ ഫ്ളൈ ഓവറുകൾ നിർമ്മിക്കുന്നതിന്റെ പ്രാരംഭനടപടികൾക്കായി **1 കോടി രൂപ** വകയിരുത്തുന്നു. വർദ്ധിച്ചുവരുന്ന വാഹനത്തിരക്ക് കണക്കിലെടുത്ത് സുഗമമായ ഗതാഗതം ഉറപ്പാക്കുന്നതിനും യാത്രക്കാരുടെ സമയം ലാഭിക്കുന്നതിനും ഈ പദ്ധതി വലിയ സഹായകമാകും.

9. **സ്മാർട്ട് മാനന്തവാടി: നഗര സൗന്ദര്യവൽക്കരണം:** സ്ഥലപരിമിതികളാൽ വീർപ്പുമുട്ടുന്നതും കൃത്യമായ പ്ലാനിങ്ങില്ലാതെ നിർമ്മിക്കപ്പെട്ടതുമായ മാനന്തവാടിനഗരത്തെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സൗന്ദര്യവൽക്കരിക്കുക എന്നത് ഭരണസമിതിയുടെ സ്വപ്നപദ്ധതികളിലൊന്നാണ്. നഗരത്തെ മോടിപിടിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ഭരണസമിതി പദ്ധതി വിഭാവനം ചെയ്യുന്നു. റോഡുകളെയും നടപ്പാതകളെയും വേർതിരിച്ചുകൊണ്ട് നഗരത്തിന്റെ പ്രധാന ഭാഗങ്ങളിൽ ഹാൻഡ് റെയ്ൽസ് പിടിപ്പിക്കുകയും വ്യാപാരികളുടെ സഹായത്തോടെ പൂച്ചെടികൾ വച്ച് നഗരത്തെ മോടി പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നഗരസൗന്ദര്യവൽക്കരണത്തിന്റെ തുടർ പ്രവർത്തനങ്ങൾക്കായി **ഒരു കോടി രൂപ** ബജറ്റിൽ വകയിരുത്തുന്നു.

10. **പൈതൃകനഗരം പദ്ധതി:** ഗോത്രസംസ്കൃതി, ജൈനസംസ്കൃതി, പഴശ്ശിരാജാ, കൊളോണിയൽ അധിനിവേശം, കുടിയേറ്റം തുടങ്ങിയ സാംസ്കാരിക ചരിത്രഘട്ടങ്ങളെ അടയാളപ്പെടുത്തുന്ന മാനന്തവാടിയുടെ പൈതൃകസമ്പന്നതയെ പ്രതിഫലിപ്പിക്കുന്ന തരത്തിൽ സാംസ്കാരിക ടൂറിസത്തിന്റെകൂടി ഭാഗമായി മാനന്തവാടി നഗരസഭ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് പൈതൃകനഗരം പദ്ധതി. പഴശ്ശികുടീരം, ടിപ്പുവിന്റെ മരുന്നറ, വള്ളിയൂർക്കാവ്, മാരിയമ്മൻ കോവിൽ, അമലോത്ഭവമാതാ പള്ളി, എരുമത്തെരുവിലെ സി എസ് ഐ സെമിത്തേരി, പഴശ്ശിപാർക്ക്, കബനിനദിതീരം, താഴയങ്ങാടി എന്നിവയെല്ലാം ഉൾപ്പെടുത്തിയ ഒരു ടൂറിസം സർക്യൂട്ട്, ചരിത്രപ്രധാന്യം വിളിച്ചോതുന്ന ചിത്ര, ശില്പ, ഇൻസ്റ്റലേഷനുകൾ, ചരിത്ര- പുരാവസ്തു-

ഫോക് ലോർ മ്യൂസിയങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുന്ന പൈതൃകനഗരം പദ്ധതിക്ക് **1 കോടി രൂപ** ബജറ്റിൽ വകയിരുത്തുന്നു.

11. **കബനി സാംസ്കാരിക വീഥി:** പൈതൃകനഗരമായ മാനന്തവാടിയുടെ കിഴക്ക്, തെക്ക് അതിരുകളിലൂടെ ഒഴുകുന്ന കബനിനദിയുടെ തീരത്തുകൂടി പടവുകളും നടപ്പാതയും വിശ്രമബെഞ്ചുകളും നിർമ്മിച്ച് പ്രഭാത/ സായാഹ്ന സവാരിക്കും വയോജനങ്ങളടക്കമുള്ള പൊതുജനങ്ങൾക്കും വിനോദസഞ്ചാരികൾക്കും സായാഹ്നങ്ങൾ ചെലവഴിക്കുന്നതിനുള്ള ഒരു സാംസ്കാരികവീഥി മാനന്തവാടി നഗരസഭ വിഭാവനം ചെയ്യുന്നു. ഈ പദ്ധതിക്കായി **1 കോടി രൂപ** ബജറ്റിൽ വകയിരുത്തുന്നു.

12. **കബനിനദി ശുദ്ധീകരണപദ്ധതി :** വയനാടിന്റെ ജീവനാഡിയായ കബനീനദിയെ മലിനീകരണത്തിൽ നിന്ന് സംരക്ഷിക്കാനും പുനരുജ്ജീവിപ്പിക്കാനുമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. കബനീനദി നേരിടുന്ന പ്രധാന വെല്ലുവിളികൾ പരിഹരിക്കാനായി മാനന്തവാടി നഗരസഭയുടെയും വിവിധ സർക്കാർ ഏജൻസികളുടെയും നേതൃത്വത്തിൽ ശക്തമായ ശുചീകരണ പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു. നദിയിലും കൈവഴികളിലും മൈക്രോപ്ലാസ്റ്റിക്കിന്റെയും അൽഗൽ ബ്ലൂമിന്റെയും ഇ-കോളി ബാക്റ്റീരിയയുടെയും സാന്നിധ്യം കുടിവെള്ളത്തിനും മത്സ്യസമ്പത്തിനും വലിയ ഭീഷണിയാണെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ ശുദ്ധീകരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടത് പാരിസ്ഥിതികമായ പ്രാധാന്യമുള്ള വിഷയമാണ്. അതിനായി ജനകീയ ശുചീകരണം, റോബോട്ടിക് സാങ്കേതികവിദ്യ, ഹരിതകേരളം മിഷന്റെ സഹായത്തോടെ മാപ്പിംഗ്, പൊതുജനങ്ങളുടെയിടയിൽ ബോധവൽക്കരണം എന്നിവ നടത്തുന്നതിനായി **1 കോടി 50 ലക്ഷം** രൂപ വിലയിരുത്തുന്നു.

13. **മാനന്തവാടി നഗരസഭയിലെ വിവിധ ഇടങ്ങളിൽ സി സി ടി വി ക്യാമറ സ്ഥാപിക്കൽ:** നഗരസഭയിലെ പ്രധാന കവലകൾ, ജനത്തിരക്കേറിയ സ്ഥലങ്ങൾ, വിദ്യാലയ പരിസരങ്ങൾ എന്നിവിടങ്ങളിൽ പൊതുജന സുരക്ഷ ഉറപ്പാക്കുന്നതിനായി സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നു. അനധികൃതമായി മാലിന്യം നിക്ഷേപിക്കുന്നതു തടയുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനും ഗതാഗത നിയന്ത്രണം സുഗമമാക്കുന്നതിനും ഈ പദ്ധതി സഹായിക്കും. പോലീസ് കൺട്രോൾ റൂമുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള ആധുനിക നിരീക്ഷണ സംവിധാനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്കായി ബജറ്റിൽ **50 ലക്ഷം രൂപ** വകയിരുത്തുന്നു.

14. **ഗാന്ധിപാർക്ക് ആധുനിക ഷോപ്പിംഗ് കോംപ്ലക്സ് :** ഗാന്ധി പാർക്ക് പരിസരത്ത് നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക കച്ചവടക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ഒരു ആധുനിക ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നു. എല്ലാവിധ ആധുനിക സജ്ജീകരണങ്ങളോടും കൂടിയ ഈ കെട്ടിടം നഗരത്തിന്റെ വാണിജ്യമേഖലയ്ക്ക് പുതിയൊരു മുഖച്ഛായ നൽകും. ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട ഷോപ്പിംഗ് അനുഭവം നൽകുന്നതിനൊപ്പം നഗരസഭയുടെ ആസ്തി വർദ്ധിപ്പിക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി ബജറ്റിൽ **2 കോടി രൂപ** വകയിരുത്തുന്നു.

15. **സ്റ്റാർട്ട് അപ്പ് ഹബ് & ടെലി കമ്മ്യൂട്ട് :** സ്റ്റാർട്ട് അപ്പ് ഹബ് എന്നത് പുതിയ സംരംഭകർക്ക് അവരുടെ ആശയങ്ങൾ യാഥാർത്ഥ്യമാക്കാൻ ആവശ്യമായ എല്ലാ സൗകര്യങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന ഒരിടമാണ്. വെറുമൊരു ഓഫീസ് മുറി എന്നതിലുപരി, ഒരു ബിസിനസ്സ് വളരാൻ ആവശ്യമായ സാങ്കേതിക സഹായം, നിക്ഷേപം (Funding), മാർഗ്ഗനിർദ്ദേശം (Mentorship)

എന്നിവ ഇവിടെ ലഭിക്കുന്നു. **ടെലി കമ്മ്യൂട്ട്** -കോ-വർക്കിംഗ് സ്പേസുകൾ (Co-working Spaces): സ്വന്തമായി ഓഫീസില്ലാത്തവർക്ക് കുറഞ്ഞ വാടകയ്ക്ക് ക്യാബിനും ഇന്റർനെറ്റും വൈദ്യുതിയും ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെ ജോലി ചെയ്യാൻ ഇത്തരം ഇടങ്ങൾ സഹായിക്കും. ഈ പദ്ധതിക്കായി നഗരസഭ **50 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

16. **ഐ ടി, ടൂറിസം ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ്:** മാനന്തവാടിയിലെ ഐ.ടി, വിനോദസഞ്ചാര മേഖലകളിൽ ആഗോളതലത്തിലുള്ള നിക്ഷേപകരെ ആകർഷിക്കുന്നതിനായി ഒരു സംഗമം സംഘടിപ്പിക്കുന്നു. പ്രാദേശികമായ വിഭവസാധ്യതകൾ നിക്ഷേപകർക്ക് പരിചയപ്പെടുത്തുന്നതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നഗരസഭയുടെ സാമ്പത്തിക വളർച്ചയ്ക്ക് വേഗത കൂട്ടാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഹൈബ്രിഡായും ഓഫ്‌ലൈൻ മോഡിലും മീറ്റ് നടത്തുന്നതിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

17. **എ ബി സി പദ്ധതി:** മാനന്തവാടി നഗരസഭയിലെ തെരുവുനായ്ക്കളുടെ വർദ്ധനവ് നിയന്ത്രിക്കുന്നതിനും പൊതുജന സുരക്ഷ ഉറപ്പാക്കുന്നതിനുമായി എ.ബി.സി പദ്ധതിക്കായി **5 ലക്ഷം രൂപ** വകയിരുത്തുന്നു. തെരുവുനായ്ക്കളെ വന്ധ്യംകരിക്കുന്നതിനും പ്രതിരോധ കുത്തിവെപ്പുകൾ നൽകുന്നതിനുമുള്ള ശാസ്ത്രീയമായ സംവിധാനങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കും.

18. **'ബ്രൈറ്റ് മാനന്തവാടി' തെരുവുവിളക്ക് സ്ഥാപിക്കൽ:** കഴിഞ്ഞ ഭരണസമിതിയുടെ കാലത്ത് മാനന്തവാടിയെ പ്രകാശപൂരിതമാക്കിയത് ബ്രൈറ്റ് മാനന്തവാടി തെരുവ് വിളക്കുകളായിരുന്നു. 36 ഡിവിഷനുകളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുകയും പ്രധാനപ്പെട്ട കവലകൾ കേന്ദ്രീകരിച്ച് ലോ മാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. വന്യമൃഗശല്യം രൂക്ഷമായ പയ്യമ്പള്ളി, പഞ്ചാരകൊല്ലി പ്രദേശങ്ങളിൽ കൂടുതൽ തെരുവുവിളക്കുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബ്രൈറ്റ് മാനന്തവാടി പദ്ധതിയുടെ ഭാഗമായി മാനന്തവാടി ടൗണിൽ ഗാന്ധി പാർക്കിന്റെ ഒരു കിലോമീറ്റർ ചുറ്റളവിൽ ടൗൺ സൗന്ദര്യവൽക്കരണത്തിന് തെരുവുവിളക്കുകൾ സ്ഥാപിക്കുവാനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി **1 കോടി 50 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

19. **ഓപ്പൺ സ്റ്റേഡിയം:** മാനന്തവാടി നഗരസഭയുടെ പരിധിയിലുള്ള ചൂട്ടക്കടവിലെ സ്ഥലത്ത് ഓപ്പൺ സ്റ്റേഡിയം നിർമ്മിക്കുന്നതിലൂടെ കായികപ്രതിഭകളെ വാർത്തെടുക്കാൻ നഗരസഭയ്ക്ക് സാധിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി **ഒരു കോടി രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

20. **ജെൻഡർ റിസോഴ്സ് സെന്റർ:** മാനന്തവാടി നഗരസഭയിൽ ജെൻഡർ സൗഹൃദ അന്തരീക്ഷം ഉണ്ടാക്കുവാനും ലിംഗനീതി ലിംഗസമത്വം എന്നിവ ഉറപ്പുവരുത്തുവാനും ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന ജെൻഡർ റിസോഴ്സ് സെൻററിന്റെ പ്രവർത്തനങ്ങൾക്കായി **5 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

21. **നഗരസഭ ഓഫീസ് നിർമ്മാണം:** മാനന്തവാടി നഗരസഭയ്ക്ക് ആധുനിക രീതിയിലുള്ള ഓഫീസ് സമുച്ചയം നിർമ്മിക്കുക എന്നത് ഭരണസമിതിയുടെ പ്രധാനമായ ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു. ഓഫീസിന്റെ പൂർത്തീകരണത്തിനായി ഈ ബജറ്റിൽ **1 കോടി 20 ലക്ഷം രൂപ** വകയിരുത്തുന്നു.

22. **ആധുനികരീതിയിലുള്ള ഹോൾസെയിൽ മത്സ്യമാർക്കറ്റ്:** താഴെയങ്ങാടിയിൽ ആധുനിക രീതിയിലുള്ള ഹോൾസെയിൽ മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നതിനായി ഈ ബജറ്റിൽ **50 ലക്ഷം രൂപ** വകയിരുത്തുന്നു.

23. **ആധുനികരീതിയിലുള്ള അറവുശാല** നിർമ്മിക്കുന്നതിനായി ഈ ബജറ്റിൽ **50 ലക്ഷം രൂപ** വകയിരുത്തുന്നു.

24. **വന്യമൃഗശല്യത്തിന് ശാശ്വതപരിഹാരം:** മാനന്തവാടി നഗരസഭാ പ്രദേശങ്ങളിലേക്ക് കടന്നുവരുന്ന വന്യമൃഗങ്ങളുടെ ശല്യം പരിഹരിക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. തൂക്ക് ഫെൻസിങ്, കൽമതിലുകൾ, എ ഐ സംവിധാനം ഉപയോഗിച്ച് സൈറനുകൾ, വനാതിർത്തിയോടു ചേർന്നു കിടക്കുന്ന ഡിവിഷനുകളിലെ സ്വകാര്യ, പൊതുസ്ഥലങ്ങളിൽ കാടുകൾ വെട്ടി മാറ്റുക, മേൽ ഡിവിഷനുകളിലെ എല്ലാ ഇലക്ട്രിക് പോസ്റ്റുകളിലും സ്ട്രീറ്റ് ലൈറ്റുകൾ ഇടുക, വനാതിർത്തിയോട് ചേർന്നുള്ള വിവിധ സ്ഥലങ്ങളിൽ സിസിടിവി ക്യാമറകൾ സ്ഥാപിക്കുക തുടങ്ങിയ പദ്ധതികൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി സംയുക്തമായി നടപ്പാക്കുന്നതിന് നഗരസഭ വിഹിതമായി ഈ ബജറ്റിൽ **ഒരു കോടി രൂപ** വകയിരുത്തുന്നു.

25. **മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ പ്രതിരോധം :** നമ്മുടെ സമൂഹത്തിൽ വലിയ വിപത്തായി വളർന്നുവരുന്ന ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ ജനകീയപ്രതിരോധം തീർക്കാൻ നഗരസഭ വിവിധങ്ങളായ പദ്ധതികൾ തയ്യാറാക്കുന്നു. വീടുകളും സ്കൂളുകളും കേന്ദ്രീകരിച്ചും ഡിവിഷൻ അടിസ്ഥാനത്തിൽ പ്രതിരോധസേനകൾ രൂപീകരിച്ചും വിവിധ കർമ്മപദ്ധതികൾ നടപ്പിലാക്കും. ഓരോ ഡിവിഷൻ കേന്ദ്രങ്ങളിലും ബോധവൽക്കരണ കലാജാഥ, വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണ ക്ലാസുകൾ, വീടുകൾ കേന്ദ്രീകരിച്ച് കൗൺസിലിംഗ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ ബജറ്റിൽ **10 ലക്ഷം രൂപ** വകയിരുത്തുന്നു.

26. **പാർക്കിംഗ് പ്ലാസ:** മാനന്തവാടി ടൗണിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് പരിമിതമായ സ്ഥലമാണുള്ളത്. ടൗൺ പ്രദേശത്ത് ലഭ്യമാകുന്ന പൊതു/ സ്വകാര്യ സ്ഥലങ്ങളിൽ (കോഴിക്കോട് റോഡ്, മൈസൂർ റോഡ്, താഴെയങ്ങാടി, എരുമത്തെരുവ്, അമ്പുകുത്തി) വാഹനങ്ങൾ പാർക്ക് ചെയ്യാൻ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഈ ബജറ്റിൽ **ഒരു കോടി രൂപ** വകയിരുത്തുന്നു.

27. **സിമ്മിംഗ്പൂൾ നിർമ്മാണം:** മാനന്തവാടി നഗരസഭയിലെ കുട്ടികൾക്കും യുവതി യുവാക്കൾക്കും മുതിർന്നവർക്കും നീന്തൽ പഠിക്കുന്നതിനും നീന്തൽതാരങ്ങൾക്ക് പരിശീലനം നൽകുന്നതിനും സൗകര്യപ്രദമാകുന്ന സിമ്മിംഗ്പൂൾ നിർമ്മിക്കുന്നതിന് ഈ ബജറ്റിൽ **50 ലക്ഷം രൂപ** വകയിരുത്തുന്നു.

28. **തെരുവുകച്ചവടക്കാരുടെ പുനരധിവാസം :** മാനന്തവാടി നഗരസഭയിൽ തെരുവു കച്ചവടക്കാരുടെ ജീവിത സാഹചര്യങ്ങളും കച്ചവട സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ഭരണസമിതി വിഭാവനം ചെയ്യുന്നു. മാനന്തവാടി നഗരത്തിലെ വിവിധയിടങ്ങളിൽ തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിലൂടെ 600 ൽപരം തെരുവ് കച്ചവടക്കാരുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിയും. ഈ പദ്ധതിക്കായി **25 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

29. **നഗരസഭയുടെ വിവിധ ആവശ്യങ്ങൾക്ക് സ്ഥലമെടുപ്പ്:** മാനന്തവാടി നഗരസഭയ്ക്ക് ഗ്രാമീണകളിസ്ഥലങ്ങൾ, സ്റ്റേഡിയം, ഗ്രാമച്ചന്തകൾ തുടങ്ങിയ വ്യത്യസ്തങ്ങളായ ആവശ്യങ്ങൾക്ക് സ്ഥലമെടുക്കുന്നതിനായി ഈ ബജറ്റിൽ **5 കോടി രൂപ** വകയിരുത്തുന്നു.

30. A ¿ ¦ mf nsX mgnÂ Zm\ ] ² Xn അയ്യങ്കാളി തൊഴിൽദാനപദ്ധതിയിലൂടെ മാനന്തവാടി നഗരസഭാപരിധിയിൽ, 36 ഡിവിഷനുകളിലും ആക്ഷൻ പ്ലാൻ പ്രകാരമുള്ള തൊഴിലുറപ്പ് ദിനങ്ങൾ നൽകാൻ കഴിഞ്ഞുവെന്നത് തൊഴിലാളികൾക്ക് ഏറെ ആശ്വാസകരമാണ്. കേരളത്തിൽ ആദ്യമായി അയ്യങ്കാളി തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തി ക്ഷീരകർഷകർക്ക് തൊഴിൽ നൽകുന്ന ഏക നഗരസഭയാണ് മാനന്തവാടി നഗരസഭ. 2026-27ആക്ഷൻ പ്ലാനിൽ ഈ പദ്ധതിക്കായി **20 കോടി രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

31. **ഭവന-നവീകരണ പദ്ധതി:** മാനന്തവാടി നഗരസഭയിലെ മുഴുവൻ ഡിവിഷനുകളിലേയും ജനറൽ വിഭാഗത്തിൽപ്പെട്ട അർഹരായ വ്യക്തികൾക്ക് വീടുകൾ നവീകരിക്കുന്നതിനുള്ള പദ്ധതിയിലൂടെ നിരവധി വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടത്താൻ ഭരണസമിതിക്ക് കഴിഞ്ഞു. നിലവിൽ ഭവന നവീകരണ പദ്ധതികൾ ഫലപ്രദമായ രീതിയിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ഈ പദ്ധതിക്കായി **40 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

32. **ആസ്തി രജിസ്റ്റർ പുതുക്കൽ :** ആസ്തി രജിസ്റ്റർ പുതുക്കുന്നതിനായി **3 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

33. **ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കൽ:** ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കുന്നതിനായി ഈ ബജറ്റിൽ **5 ലക്ഷം രൂപ** വകയിരുത്തുന്നു.

34. **വസ്തുനികുതി പരിഷ്കരണം:** വസ്തുനികുതി പരിഷ്കരണം കാര്യക്ഷമമായ രീതിയിൽ നടപ്പിൽവരുത്താൻ **20 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

35. **അംബേദ്കർ സ്ക്വയർ നിർമ്മാണം:** മാനന്തവാടി നഗരത്തിന്റെ ഹൃദയഭാഗത്ത് അംബേദ്കർ റോഡ് എരുമത്തെരുവിലേക്ക് പ്രവേശിക്കുന്നിടത്ത് അംബേദ്കർ സ്ക്വയർ നിർമ്മിക്കുന്നതിന് **10 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

36. **പയ്യമ്പള്ളി ആയുർവേദ ആശുപത്രിക്ക് കെട്ടിടനിർമ്മാണം:** മാനന്തവാടി നഗരസഭയുടെ കീഴിലുള്ള പയ്യമ്പള്ളിയിലെ ആയുർവേദ ആശുപത്രി കെട്ടിടം ജീർണാവസ്ഥയിലാണുള്ളത്. ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണത്തിനായി ഈ ബജറ്റിൽ **50 ലക്ഷം രൂപ** വകയിരുത്തുന്നു.

37. **മിത്ര ബഡ്സ്കൂളിന് കെട്ടിടനിർമ്മാണം:** കുറ്റിമൂലയിൽ താൽക്കാലിക കെട്ടിടത്തിൽ നിരവധി അസൗകര്യങ്ങളോടുകൂടിയാണ് നിലവിൽ മിത്ര ബഡ്സ്കൂൾ പ്രവർത്തിക്കുന്നത്. ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയൊരു കെട്ടിടം ബഡ്സ്കൂളിന് അനിവാര്യമാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി **50 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

38. മാനന്തവാടി നഗരസഭയിലെ ടാക്സികാറുകൾക്ക് സ്റ്റാൻഡ് നിർമിക്കുന്നതിനായി **10 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

39. **അയ്യങ്കാളി തൊഴിൽദാന തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷുറൻസ് :** മാനന്തവാടി നഗരസഭയുടെ കീഴിലുള്ള അയ്യങ്കാളി തൊഴിൽദാന തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഇൻഷുറൻസ് അപകടങ്ങളിൽ നിന്നുള്ള പരിരക്ഷ നൽകുന്നതിനായി ഈ ബജറ്റിൽ 10 ലക്ഷം രൂപ

വകയിരുത്തുന്നു.

40. **ഓപ്പൺ ജിം :** നഗരസഭയിലെ വിവിധ ഡിവിഷനുകളിലായി പൊതുജനങ്ങൾക്കായി ഓപ്പൺ ജിംനേഷ്യം സൗകര്യങ്ങൾ ഒരുക്കുന്നു. പ്രായഭേദമന്യേ എല്ലാവർക്കും ആരോഗ്യസംരക്ഷണത്തിനും വ്യായാമത്തിനുമായി പാർക്കുകളിലും പൊതുസ്ഥലങ്ങളിലും അത്യാധുനിക വ്യായാമ ഉപകരണങ്ങൾ സ്ഥാപിക്കുന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

41. **ഓപ്പൺ സ്റ്റേഡിയം:** മാനന്തവാടി ഗവ. വോക്കേഷനൽ ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് ആധുനികസൗകര്യങ്ങളോടുകൂടിയ ഓപ്പൺ സ്റ്റേഡിയമായി ഉയർത്താൻ നഗരസഭ വിഭാവനം ചെയ്യുന്നു. കായികതാരങ്ങൾക്ക് അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള സൗകര്യമൊരുക്കുക, വിവിധ കായിക ഇനങ്ങൾക്കായി പ്രത്യേക ട്രാക്കുകൾ, പവലിയൻ, രാത്രികാല മത്സരങ്ങൾക്കായി ഫ്ലഡ് ലൈറ്റ് സംവിധാനം എന്നിവ ഒരുക്കുക എന്നിവ ഈ സ്റ്റേഡിയത്തിൽ വിഭാവനം ചെയ്യുന്നു. പുതുതലമുറയുടെ കായികവികസനത്തിനും നഗരസഭയിലെ കായികസംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനുമായി **2 കോടി രൂപ** ഈ പദ്ധതിക്കായി വകയിരുത്തുന്നു.

42. **റോഡ് സംരക്ഷണ സമിതികൾ:** മാനന്തവാടി നഗരസഭയുടെ കീഴിലുള്ള റോഡുകൾ ജനങ്ങളുടെ സഹകരണത്തോടെ സംരക്ഷിക്കുന്നതിനും മനോഹരമാക്കുന്നതിനും ഓരോ റോഡിന്റെയും ഇരുവശങ്ങളിലും ഉള്ള ജനങ്ങളെ ഉൾപ്പെടുത്തി ഓരോ റോഡിലും സംരക്ഷണസമിതികൾ രൂപീകരിക്കുകയും സമിതികൾക്ക് ആവശ്യമായ മെറ്റീരിയലുകൾ നൽകുയും ചെയ്യുന്നതിന് **20 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

43. **നഗരസഭ കാന്റീൻ:** മാനന്തവാടി ടൗണിൽ വരുന്ന ജനങ്ങൾക്ക് വിലക്കുറവുള്ളതും മായം ഇല്ലാത്തതുമായ ഭക്ഷണം കഴിക്കുന്നതിന് നഗരസഭയുടെ നേതൃത്വത്തിൽ കാന്റീൻ ആരംഭിക്കുന്നതിന് ഈ ബജറ്റിൽ **30 ലക്ഷം രൂപ** വകയിരുത്തുന്നു.

44. **കെ സ്മാർട്ട് ജനകീയമാകുന്നു.** ജനപ്രതിനിധികൾക്കും ആശാവർക്കർമാർക്കും അംഗൻവാടി ടീച്ചർമാർക്കും ഫലപ്രദമായി കെ സ്മാർട്ട് ഉപയോഗിക്കുന്നതിന് മൊബൈൽ ടാബ് നൽകുന്നതിന് **30 ലക്ഷം രൂപ** വകയിരുത്തുന്നു.

# II കാർഷികമേഖല

കാർഷികമേഖലയാണ് നാടിന്റെ നട്ടെല്ല് എന്ന തിരിച്ചറിവിൽ നിന്നുകൊണ്ട് കാർഷികമേഖലയുടെ ഉത്തേജനത്തിന് വിവിധങ്ങളായ പദ്ധതികൾ ഈ നഗരസഭ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. നമ്മുടെ കാർഷിക സമൃദ്ധി വീണ്ടെടുക്കുന്നതിനായി ആധുനികവും ശാസ്ത്രീയവുമായ കൃഷിരീതികൾ എന്നതാണ് നമ്മുടെ പ്രഖ്യാപിത ലക്ഷ്യം. തരിശുഭൂമികളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനും കാപ്പി, കുരുമുളക് തുടങ്ങിയ നാണ്യവിളകളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും വന്യജീവി ശല്യം തടയുന്നതിനുള്ള പ്രതിരോധ സംവിധാനങ്ങൾ ഒരുക്കുന്നതിനും കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധിത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഈ ബജറ്റ് മുൻഗണന നൽകുന്നു. പൊതുപദ്ധതിയിൽ ഉൾപ്പെടുത്തിയ കാർഷികപാർക്ക് എന്ന ബൃഹദ് പദ്ധതിയ്ക്ക് പുറമെ താഴെപ്പറയുന്ന പദ്ധതികൾ ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

1. **കാർഷികപാർക്ക് :** കാർഷികമേഖലയിലെ മുരടിപ്പ് തടയുന്നതിനും കാർഷിക മേഖലയ്ക്ക് വലിയ ഉത്തേജനം നൽകുന്നതിനും സഹായകമാകുന്ന രീതിയിൽ ഒരു കാർഷികപാർക്ക് മാനന്തവാടി മീറ്റ് നഗരസഭ വിഭാവനം ചെയ്യുന്നു. കാർഷിക മൂല്യവർദ്ധനവിന്റെയും വ്യാവസായിക വളർച്ചയുടെയും കേന്ദ്രമാക്കി ഈ മേഖലയെ മാറ്റാൻ ലക്ഷ്യമിട്ടുള്ള തന്ത്രപരമായ ഒരു സംരംഭമാണിത്. വിളവെടുപ്പിന് ശേഷമുള്ള പരിപാലനം, ഭക്ഷ്യസംസ്കരണം, പ്രത്യേക പാക്കേജിംഗ് സൗകര്യങ്ങൾ, കാർഷികവിപണി എന്നിവ ഒരുക്കുന്നതിലൂടെ കേവലം ഉൽപ്പാദനത്തിനപ്പുറം കാർഷികമേഖലയ്ക്ക് താങ്ങാവുക എന്നതാണ് കാർഷികപാർക്ക് ലക്ഷ്യമിടുന്നത്. മാനന്തവാടി നഗരസഭാ പരിധിയിൽപ്പെട്ട കർഷകരെ ഉൾപ്പെടുത്തി കാർഷിക സമിതി രൂപീകരിക്കുക, ഹൈടെക് ഫാമുകൾ, പഴം പച്ചക്കറികൾ പ്രോസസിംഗ് യൂണിറ്റുകൾ, വിനോദോപാധികൾ തുടങ്ങിയ സംരംഭങ്ങൾ ഒരുക്കുക, ഫാം ടൂറിസം വികസിപ്പിക്കുക എന്നീ കാര്യങ്ങൾ ഉൾപ്പെടുന്ന കാർഷികപാർക്ക് നഗരസഭയുടെയും സ്വകാര്യ പങ്കാളിത്തത്തോടെയും ആരംഭിക്കുന്ന ഈ ബജറ്റിൽ **ഒരു കോടി രൂപ** വകയിരുത്തുന്നു.

2. **ഹൈഡ്രോപോണിക്സ് കൃഷി പ്രോത്സാഹനം :** നഗരപ്രദേശങ്ങളിൽ മണ്ണില്ലാതെയുള്ള നൂതന കൃഷിരീതിയായ ഹൈഡ്രോപോണിക്സ് പ്രചരിപ്പിക്കുന്നതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു. താൽപ്പര്യമുള്ള കർഷകർക്കും വീട്ടമ്മമാർക്കും ആവശ്യമായ സാങ്കേതിക സഹായവും സബ് സിഡിയും നൽകിക്കൊണ്ട് വിഷരഹിത പച്ചക്കറികളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

3. **ഫുഡ് പ്രോസസിംഗ് കമ്പനികൾ:** നമ്മുടെ നാട്ടിലെ കാർഷിക ഉൽപ്പന്നങ്ങൾക്ക് അർഹമായ മൂല്യം ഉറപ്പാക്കുന്നതിനായി ഭക്ഷ്യസംസ്കരണ യൂണിറ്റുകളും കമ്പനികളും ആരംഭിക്കാൻ ധനസഹായം നൽകുന്നതിന് ഈ ബജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തുന്നു. പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയിൽ നിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് ഈ തുക സഹായകരമാകും. പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതിനും അതുവഴി നഗരസഭാ പരിധിയിലെ സ്ത്രീകൾക്കും യുവാക്കൾക്കും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. കുടുംബശ്രീ സഹകരണത്തോടുകൂടി ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

4. **ഹൈടെക് കൃഷിഭവൻ:** കേരളത്തിലെ പരമ്പരാഗത കൃഷിഭവനുകളെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ നവീകരിച്ച്, കർഷകർക്ക് കൂടുതൽ വേഗത്തിലും സുതാര്യമായും സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഒരു പദ്ധതിയാണ് ഹൈടെക് കൃഷിഭവൻ. ഡിജിറ്റൽ സേവനങ്ങൾ (Smart Services), ഓൺലൈൻ രജിസ്ട്രേഷൻ, ഇ-ഓഫീസ് സംവിധാനം, ആധുനിക കൃഷിരീതികളുടെ പ്രോത്സാഹനം, മണ്ണ് പരിശോധനാ ലാബ്, കൃത്യമായ കാലാവസ്ഥാ പ്രവചനങ്ങൾ കർഷകർക്ക് എസ്.എം.എസ് വഴിയോ ആപ്പുകൾ വഴിയോ നൽകുന്ന സംവിധാനം എന്നിവ ഹൈടെക് കൃഷിഭവനിൽ ഉൾപ്പെടുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ബജറ്റിൽ **രണ്ടു കോടി രൂപ** വകയിരുത്തുന്നു.

5. **ഓർഗാനിക് വളനിർമാണവും ഗ്രീൻ പാർക്കും.** നഗരസഭയിൽ ഉത്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യം ശേഖരിച്ച് ഓർഗാനിക് വളമാക്കി കർഷകർക്ക് കുറഞ്ഞ ചെലവിൽ വിതരണം ചെയ്യാൻ ഓർഗാനിക് വള നിർമ്മാണ പ്ലാൻറ് സ്ഥാപിക്കും. ഇതുവഴി നഗരം ഒട്ടാകെ ശുചിത്വവും പരിസ്ഥിതി സംരക്ഷണവും പുതിയ തൊഴിലവസരങ്ങളും നഗരസഭയ്ക്ക് അധിക വരുമാനവും

ലഭിക്കും. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ബജറ്റിൽ 1 കോടി രൂപ വകയിരുത്തുന്നു.

6. **കാർഷികച്ചന്ത:** മാനന്തവാടി നഗരസഭയുടെ പരിധിയിലുള്ള കർഷകരുടെ കാർഷിക ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനും കാർഷിക മേഖലയ്ക്ക് കൂടുതൽ പ്രോത്സാഹനം ലഭിക്കുന്ന തരത്തിൽ ആഴ്ചയിൽ ഒരു ദിവസം കാർഷികചന്ത നടത്തുന്നതിന് **5 ലക്ഷം രൂപ** വകയിരുത്തുന്നു. നെൽകൃഷി കൂലിച്ചെലവ് സബ്സിഡിക്കായി **50 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

8. **മൊബൈൽ വെറ്റിനറി ക്ലിനിക്:** മാനന്തവാടി നഗരസഭയിലെ കൂടുതൽ വെറ്റിനറി സഹായങ്ങൾ ലഭിക്കുന്നതിന് മൊബൈൽ വെറ്റിനറി ക്ലിനിക് ആരംഭിക്കുന്നതിന് **30 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

9. നഗരസഭാപരിധിയിലെ **തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കി** കാർഷിക ഉത്പാദനമേഖലയ്ക്ക് ഉണർവ് നൽകുന്ന പദ്ധതിക്കായി **5 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

10. **ക്ഷീരകർഷകർക്ക് തൊഴിലുറപ്പ്:** കേരളത്തിൽത്തന്നെ ക്ഷീരകർഷകർക്ക് തൊഴിലുറപ്പു നൽകിയ ഏക നഗരസഭ എന്ന ഖ്യാതിയുള്ള മാനന്തവാടി നഗരസഭ ഈ വാർഷികബജറ്റിലും ഈ പദ്ധതി തുടരുന്നു. പദ്ധതിക്കായി **ഒരു കോടി രൂപ** വകയിരുത്തുന്നു.

11. ക്ഷീരകർഷകർക്ക് പ്രോത്സാഹനം നൽകുന്നതിനായി **പാലിന് ഉൽപാദന ബോണസ്** നൽകുന്നതിനായി **50 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

12. **കാലിത്തൊഴുത്തു നവീകരണം**. നഗരസഭാപരിധിയിലെ പാവപ്പെട്ട ക്ഷീരകർഷകർക്ക് കാലിത്തൊഴുത്തു നവീകരണത്തിനായി ഈ വർഷത്തെ ബജറ്റിൽ പദ്ധതിക്കായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

13. കർഷകർക്ക് ട്രോളി, പമ്പ് സെറ്റുകൾ എന്നിവ നൽകുന്നതിലേക്കായി **10 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

14. മത്സ്യകൃഷി പ്രോത്സാഹനത്തിന്റെ ഭാഗമായി **'മുറ്റത്തൊരു മീൻതോട്ടം'** പദ്ധതിക്കായി പദ്ധതിക്കായി **3 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

15. പോത്തുകുട്ടി വളർത്തൽ പ്രോത്സാഹനത്തിനായ് ബജറ്റിൽ **10 ലക്ഷം രൂപ** വകയിരുത്തുന്നു.

16. മുട്ടക്കോഴി വളർത്തൽ പ്രോത്സാഹനത്തിനായ് **5 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

17. കാർഷികമേളകൾ നടത്തുന്നതിനായി **5 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

18. കർഷകദിനാചരണത്തിന്റെ ഭാഗമായി കാർഷികമേഖലയിൽ കഴിവുതെളിയിച്ച വ്യക്തികളെ ആദരിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി മാനന്തവാടി നഗരസഭ എല്ലാ വർഷവും ചിങ്ങം ഒന്നിന് കർഷകദിനം വിപുലമായ പരിപാടികളോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. 2026-27 വർഷത്തിൽ ഈ പദ്ധതിക്കായി **2 ലക്ഷം രൂപ** വകയിരുത്തുന്നു.

# III സമഗ്രക്ഷേമ പദ്ധതികൾ

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും സമഗ്രമായ പുരോഗതിയാണ് നഗരസഭയുടെ വികസന കാഴ്ചപ്പാടിന്റെ അടിസ്ഥാനം. കഴിഞ്ഞ കാലങ്ങളിൽ നാം നടപ്പിലാക്കിയ മാതൃകാപരമായ ക്ഷേമപദ്ധതികൾ ഇതിന് തെളിവാണ്. ദുർബല വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും അവർക്ക് സുരക്ഷിതമായ ജീവിതസാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനും ഈ ഭരണസമിതി എന്നും പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യം മുൻനിർത്തി 2026-27 വാർഷിക ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രധാന സാമൂഹികക്ഷേമ പദ്ധതികൾ താഴെ പറയുന്നവയാണ്:

1. വയോജനങ്ങൾക്ക് വാതിൽപ്പടി സേവനങ്ങൾ ലഭ്യമാക്കാൻ **5 ലക്ഷം** വകയിരുത്തുന്നു.

2. **വയോ ക്ലബ്:** നഗരസഭാ പരിധിയിലുള്ള വയോജനങ്ങളുടെ ശാരീരികവും മാനസികവുമായ ഉല്ലാസവും ആരോഗ്യവും ഉറപ്പുവരുത്തുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. **25 ലക്ഷം** രൂപയാണ് ഇതിനായി നീക്കിവെച്ചിരിക്കുന്നത്.

3. വയോജനങ്ങൾക്കും കിടപ്പുരോഗികൾക്കും കട്ടിൽ പുതപ്പ് എന്നിവ ലഭ്യമാക്കുന്ന പദ്ധതിയിലേക്ക് **10 ലക്ഷം രൂപ** വകയിരുത്തുന്നു.

4. **വയോമിത്രം :** വയോജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനായി വയോമിത്രം പദ്ധതി നഗരസഭ ആരംഭിക്കുകയും പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടക്കുകയും ചെയ്യുന്നുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി **25 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

5. വയോജനങ്ങളുടെ മാനസിക, ശാരീരിക ഉല്ലാസത്തിനായി വയോജനസംഗമവും മേളയും സംഘടിപ്പിക്കുന്നതിനായി **2 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

6. **വയോജന ഉല്ലാസയാത്ര:** ജീവിതത്തിന്റെ സായാഹ്നത്തിൽ ഒറ്റപ്പെടൽ അനുഭവിക്കുന്ന മുതിർന്ന പൗരന്മാർക്ക് ആശ്വാസവും സന്തോഷവും പകരുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. വീടുകളിൽ ഒതുങ്ങിക്കഴിയുന്ന വയോധികർക്ക് പുറംലോകവുമായി ബന്ധപ്പെടാനും സമപ്രായക്കാരുമായി സമയം ചെലവഴിക്കാനും കേരളത്തിലെ വിവിധ തീർത്ഥാടന കേന്ദ്രങ്ങൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ, ചരിത്ര സ്മാരകങ്ങൾ എന്നിവ സന്ദർശിക്കാൻ നഗരസഭയുടെ നേതൃത്വത്തിൽ സൗകര്യമൊരുക്കും. ഈ പദ്ധതിക്കായി **5 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

7. വയോജനങ്ങൾക്ക് സൗജന്യ നേത്രരോഗ നിർണയ ക്യാമ്പും മരുന്ന് വിതരണവും കണ്ണട വിതരണവും: മാനന്തവാടി നഗരസഭ വളരെ വിജയകരമായി നടത്തിവരുന്ന പദ്ധതികളാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി **5 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

8. **പകൽവീട് (കമ്മ്യൂണിറ്റി ഡേ കെയർ & സോഷ്യൽ ആക്ടിവിറ്റി സെന്റർ):** വയോജനങ്ങൾക്ക് ഒന്നിച്ചു ചേരുന്നതിനും യോഗ, ലൈറ്റ് എക്സസൈസ് , കൗൺസിലിംഗ്, വിനോദപ്രവർത്തനങ്ങൾ, ആരോഗ്യ ക്ലാസുകൾ . കൈത്തൊഴിൽ എന്നിവ സംഘടിപ്പിക്കുന്നതിനും അതുവഴി വയോജനങ്ങളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുമായി വിവിധ ഡിവിഷനുകളിൽ പകൽവീട് നിർമ്മാണത്തിനും നടത്തിപ്പിനുമായി ഈ ബജറ്റിൽ **ഒരു കോടി രൂപ** വകയിരുത്തുന്നു.

9. **സ്നേഹസ്പർശം:** മാനന്തവാടി നഗരസഭയിലെ കിടപ്പുരോഗികൾ, കിഡ്നി രോഗികൾ എന്നിവർക്ക് നൽകിവരുന്ന ഭക്ഷണകിറ്റ് വിതരണം പാവപ്പെട്ട കുടുംബങ്ങൾക്ക് ഏറെ ആശ്വാസകരകമാണ്. സ്നേഹസ്പർശം പദ്ധതി നടപ്പാക്കുന്നതിനായി **20 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

10. **ആരാമം –** വിഭിന്നശേഷിക്കാരായ കുട്ടികളുടെ അമ്മമാർക്ക് സ്വയം തൊഴിൽ, ആത്മവിശ്വാസം, സ്വയം പര്യാപ്തത എന്നിവ നൽകുന്നതിന് സംരംഭം ആരംഭിക്കുന്നതിനും അതിന്റെ വിപണനം സാധ്യമാക്കുന്നതിനും വേണ്ടി ഒരു പദ്ധതി നഗരസഭ വിഭാവനം ചെയ്യുന്നു ഈ പദ്ധതിക്കായി ബജറ്റിൽ **50 ലക്ഷം രൂപ** വകയിരുത്തുന്നു.

11. **വിഭിന്നശേഷിക്കാർക്ക് ഡേ കെയർ സെന്റർ** : പുറത്ത് ജോലിക്ക് പോകുന്ന വിഭിന്നശേഷിക്കാരായ മാതാപിതാക്കൾക്ക് അവരുടെ മക്കളെ പകൽസമയം സുരക്ഷിതമായ ഒരിടത്ത് പാർപ്പിക്കാനും അവർക്ക് വിനോദ പ്രവർത്തനങ്ങൾ കൈത്തൊഴിലുകൾ എന്നിവ ചെയ്യുന്നതിനുമായി ഒരിടം എന്ന നിലയിൽ ഒരു ഡേ കെയർ സെൻറർ ആരംഭിക്കുവാൻ നഗരസഭ പദ്ധതി വിഭാവനം ചെയ്യുന്നു. ഈ പദ്ധതിക്കായി ബജറ്റിൽ **ഒരു കോടി രൂപ** വകയിരുത്തുന്നു.

12. **വിഭിന്നശേഷി/വയോജനപാർക്ക്:** വിഭിന്നശേഷിവിഭാഗത്തിൽ പെട്ടവർക്ക് ശാരീരിക മാനസികോല്ലാസത്തിനുതകുന്ന തരത്തിലുള്ള വിഭിന്നശേഷിപാർക്ക് നിർമ്മാണത്തിനായി **20 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

13. വിഭിന്നശേഷിക്കാരായ സ്വയംതൊഴിൽ സംരംഭകർക്ക് മുച്ചക്രവാഹനം നൽകൽ പദ്ധതിക്കായി **20 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

14. അതി ദരിദ്ര ലഘൂകരണ പദ്ധതിക്കായി **30 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

15. അംഗൻവാടികളുടെ അറ്റകുറ്റപണികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി **50 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

16. അംഗൻവാടി കുട്ടികളുടെ കലാഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനും രംഗത്ത് അവതരിപ്പിക്കുന്നതിനുമായി കലോത്സവം സംഘടിപ്പിക്കുന്നതിനുമായി **50,000 രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

17. അംഗൻവാടി പോഷകാഹാരം വിതരണപദ്ധതിക്കായി **2 കോടി രൂപ** ബജറ്റിൽ വകയിരുത്തുന്നു.

18. **ആശാവർക്കർമാർക്കും ഹരിതകർമ്മസേന പ്രവർത്തകർക്ക് ഇൻഷുറൻസ് പരിരക്ഷ:** ആശാവർക്കർമാർക്ക് ആരോഗ്യപരിരക്ഷ, സാമ്പത്തികപരിരക്ഷ എന്നിവ ഉറപ്പുവരുത്തുന്ന ഇൻഷുറൻസ് പദ്ധതികൾ നടപ്പിലാക്കുവാൻ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. 2026-27 വാർഷിക ബജറ്റിൽ **5 ലക്ഷം രൂപ** ഇതിനായി വകയിരുത്തുന്നു.

## IV വിദ്യാഭ്യാസം, കലാ-കായിക സാംസ്കാരിക മേഖല

വിദ്യാഭ്യാസത്തിലൂടെ കൈവരിക്കുന്ന സാംസ്കാരികവും ബൗദ്ധികവുമായ മുന്നേറ്റങ്ങളാണ് സാമൂഹിക മാറ്റങ്ങളുടെ ചാലകശക്തി. വയനാടിന്റെ ചരിത്രപരമായ വളർച്ചയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വളരെ വലുതാണ്. ഭൗതികമായ പരിമിതികളെ മറികടന്ന് വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ ജില്ല നേടിയ പുരോഗതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വലിയൊരു പങ്കുവഹിച്ചിട്ടുണ്ട്. മാനന്തവാടി നഗരസഭയുടെ കീഴിലുള്ള വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യങ്ങളും ഗുണനിലവാരവും ഉയർത്തുന്നതിനായി നിരവധി പദ്ധതികളാണ് ഭരണസമിതി നടപ്പിലാക്കി വരുന്നത്. ഈ പ്രവർത്തനങ്ങളുടെ തുടർച്ചയായി, പുതിയ കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചുള്ള നൂതന വിദ്യാഭ്യാസ പദ്ധതികൾക്കാണ് 2026-27 വാർഷിക ബജറ്റിൽ നാം ഊന്നൽ നൽകുന്നത്.

1. **സ്കൂൾ പ്രവേശനോത്സവം:** നവാഗതരായ ഒന്നാം ക്ലാസ് വിദ്യാർത്ഥികളെ സ്കൂളിലേക്ക് സ്വീകരിക്കുന്ന പദ്ധതിക്കായി **3 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

2. **ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളുടെ നവീകരണവും അടിസ്ഥാനസൗകര്യ വികസനവും:** മുൻസിപ്പൽ പരിധിയിലുള്ള സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനപദ്ധതിയിൽ സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളുടെ വികസനവും നവീകരണവും, ടോയ്‌ലറ്റ് ബ്ലോക്കുകൾ, ഫർണിച്ചർ, ഉച്ചഭക്ഷണ പാത്രങ്ങൾ, എന്നിവ ഒരുക്കുന്ന പദ്ധതിക്കായി **ഒരു കോടി രൂപ** വകയിരുത്തുന്നു.

3. മാനന്തവാടി ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിന് ഇന്റർലോക്ക്, ചുറ്റുമതിൽ, ഗേറ്റ് എന്നിവ നിർമ്മിക്കുന്നതിന് **26 ലക്ഷം രൂപ** വകയിരുത്തുന്നു.

4. ആറാട്ടുതറ ഹയർ സെക്കണ്ടറി സ്കൂളിന് സ്കൂൾ ബസ് വാങ്ങുന്നതിന് **50 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

5. **സ്കൂളുകളിൽ വാട്ടർ പ്യൂരിഫയർ:** നഗരസഭ പരിധിയിലുള്ള സ്കൂളുകളിൽ കുട്ടികൾക്ക് ശുദ്ധജലം നൽകുന്നതിനായി വാട്ടർ പ്യൂരിഫയർ സ്ഥാപിക്കുന്നതിന് **10 ലക്ഷം രൂപ** വകയിരുത്തുന്നു.

6. മാനന്തവാടി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ ഗ്രൗണ്ടിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിച്ച് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് **25 ലക്ഷം രൂപ** വകയിരുത്തുന്നു.

7. യു പി, ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സാനിറ്ററി നാപ്കിൻ വെൻഡിങ് മെഷീൻ, സാനിറ്ററി നാപ്കിൻ ബർണിംഗ് മെഷീൻ എന്നിവ സ്ഥാപിക്കുന്നതിന് **12 ലക്ഷം രൂപ** വകയിരുത്തുന്നു.

8. സ്കൂളുകളിലെ ആവർത്തന ചെലവുകൾക്ക് **8 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

9. **എസ് എസ് എ വിഹിതം :** എസ് എസ് എ വിഹിതം നൽകുന്നതിനായി (SC,ST.GENERAL) **20 ലക്ഷം രൂപ** വകയിരുത്തുന്നു.

10. ഗവ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലൈബ്രേറിയൻമാരെ നിയമിക്കാൻ **3 ലക്ഷം രൂപ** വകയിരുത്തുന്നു

11. മാനന്തവാടി ഗവ. ജി വി എച്ച് എസിൽ ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നതിന് 2 **ലക്ഷം രൂപ** വകയിരുത്തുന്നു.

12. **ഓപ്പൺ സ്റ്റേജ് പൂർത്തികരണം:** സ്കൂളിന്റെ ഭൗതികസൗകര്യങ്ങളുടെ വികസനത്തിന്റെ ഭാഗമായി ഓപ്പൺ സ്റ്റേജ് പൂർത്തികരണത്തിന് **10 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

13. ഗവ സ്കൂളുകൾക്ക് ലാബ് കെമിക്കലുകൾ വാങ്ങുന്നതിന് **ഒരു ലക്ഷം രൂപ** വകയിരുത്തുന്നു

14. **ഓപ്പൺ ജിം:** മാനന്തവാടി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കുമായി ഒരു ഓപ്പൺ ജിമ്മിന് മേൽക്കൂര നിർമ്മിക്കുന്നതിനായി ഈ ബജറ്റിൽ **10 ലക്ഷം രൂപ** വകയിരുത്തുന്നു.

15. NCC കേഡറ്റുകൾക്ക് ലഘുഭക്ഷണം നൽകുന്നതിനായി **2 ലക്ഷം രൂപ** വകയിരുത്തുന്നു.

16. നഗരസഭയിൽ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച വിദ്യാർത്ഥികളെ ആദരിക്കൽ **2 ലക്ഷം രൂപ** വകയിരുത്തുന്നു.

17. എസ് പി സി ക്യാമ്പിന് **2 ലക്ഷം രൂപ** വകയിരുത്തുന്നു.

18. **സ്പോർട്സ് കിറ്റ് വിതരണം:** സ്കൂളുകളിലും രജിസ്റ്റേർഡ് ക്ലബ്ബുകളിലും സ്പോർട്സ് കിറ്റ് വിതരണത്തിനായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

19. **സമ്മർദ രഹിത ക്യാമ്പസ് ( Stress Free Campus)** : സ്കൂൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മാനസിക സമ്മർദം ഒഴിവാക്കുന്നതിനു വേണ്ടിയുള്ള പദ്ധതികൾക്കായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

20. എസ് എസ് എൽ സി, പ്ലസ് വൺ പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള പഠനസഹായം നൽകുന്നതിനായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

21. എസ് എസ് എൽ സി, പ്ലസ് വൺ പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള പഠനക്യാമ്പിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

22. LSS -USS പരീക്ഷാപരിശീലനം നൽകുന്നതിനായി **1 ലക്ഷം രൂപ** വകയിരുത്തുന്നു.

23. **സാഹിത്യശില്പശാല :** ഹൈസ്കൂൾ ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കു വേണ്ടി മൂന്നുദിവസം നീണ്ടുനിൽക്കുന്ന സാഹിത്യ ശില്പശാല നടത്തുന്നതിന് **4 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

24. **സ്പേസ് (SPACE) പദ്ധതി തുടർച്ച** : മോഡൽ ഇൻഡിക്കേറ്റഡ് എഡ്യൂക്കേഷൻ ഫോർ ഡിഫറൻറലി ഏബിൽഡ് ചിൽഡ്രൻ റിസോഴ്സ് റൂം (സ്പേസ്) നിർമ്മാണത്തിലൂടെ അതിതീവ്ര ശാരീരികവൈകല്യം അനുഭവിക്കുന്ന കുട്ടികൾക്ക് സ്കൂൾ പഠനാനുഭവം നൽകുന്ന പദ്ധതി വിജയകരമായി നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾക്കായി **8 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

25. തുടർ സാക്ഷരതാ പദ്ധതിക്കായി **1 ലക്ഷം രൂപ** വകയിരുത്തുന്നു.

26. **മാനന്തവാടി പൈതൃക സാംസ്കാരികഫെസ്റ്റ് 2026 (Mananthavady Heritage and cultural Fest 2026) MHCF2026 :** ചരിത്രമുറങ്ങുന്ന മാനന്തവാടിയുടെ സാംസ്കാരികവും പൈതൃകപരവുമായ സവിശേഷതകളെ അടയാളപ്പെടുത്തുന്ന, മൂന്നു ദിവസം നീണ്ടുനിൽക്കുന്ന പൈതൃക സാംസ്കാരിക ഫെസ്റ്റിന് **10 ലക്ഷം രൂപ** വകയിരുത്തുന്നു.

27. **പഴശ്ശി ദിനാചരണം :** പുതുതലമുറയ്ക്ക് വീരപഴശ്ശിയുടെ സ്മരണകൾ പകർന്നു നൽകുന്നതിൽ ഈ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. മുൻ വർഷങ്ങളിലേതുപോലെ ഈ വർഷവും വിവിധ പരിപാടികളിലൂടെ പഴശ്ശി ദിനാചരണം സമുചിതമായി കൊണ്ടാടുന്നതിനായി 3 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

28. **ദിനപത്രവിതരണം:** മാനന്തവാടി മുൻസിപ്പൽ പരിധിയിലുള്ള സ്കൂളുകൾ, വായനശാലകൾ, സാംസ്കാരികനിലയങ്ങൾ, റസിഡൻസ് അസോസിയേഷൻ ഓഫീസ് എന്നിവയ്ക്ക് പത്രവിതരണ പദ്ധതിക്കായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

29. സ്കൗട്ട് ആൻഡ് ഗൈഡ് ഓഫീസിൽ ടോയ്‌ലറ്റ് നിർമാണത്തിനായി **15 ലക്ഷം രൂപ** വകയിരുത്തുന്നു.

30. **കളിക്കളങ്ങൾ:** മാനന്തവാടി നഗരസഭയുടെ വിവിധ പ്രദേശങ്ങളിലെ കൗമാരകാർക്കും യുവജനങ്ങൾക്കുമായി കളിക്കളങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിനും ലീസിൽ എടുക്കുന്നതിനും **50 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

31. **സ്പോർട്സ് ആന്റ് ആർട്സ് അക്കാദമി:** മാനന്തവാടി നഗരസഭയിലെ കുട്ടികളെ ബാലസഭയുടെ കീഴിൽ ചേർത്തുകൊണ്ട് നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ സ്പോർട്സ്, ഗെയിംസ്, വാദ്യോപകരണങ്ങൾ തുടങ്ങിയവ പരിശീലിപ്പിച്ച് അവരുടെ ആരോഗ്യ, മാനസിക, പഠന നിലവാരങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്പോർട്സ് ആൻഡ് ആർട്സ് അക്കാദമി രൂപീകരിക്കുന്നതിന് ഈ ബജറ്റിൽ **25 ലക്ഷം രൂപ** വകയിരുത്തുന്നു.

32. വായനശാല, ക്ലബ്ബുകൾ എന്നിവയ്ക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

# V ആരോഗ്യമേഖല

സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഗുണനിലവാരമുള്ള ആരോഗ്യസേവനങ്ങൾ ഉറപ്പാക്കുക എന്നത് നഗരസഭയുടെ പ്രാഥമിക ഉത്തരവാദിത്തമാണ്. ആരോഗ്യരംഗത്തെ നൂതന വെല്ലുവിളികൾ ഏറ്റെടുക്കാൻ സജ്ജമായ രീതിയിൽ പൊതുജനാരോഗ്യ സംവിധാനങ്ങളെ ശാക്തീകരിക്കുകയാണ് നഗരസഭയുടെ ലക്ഷ്യം. ചികിത്സാസൗകര്യങ്ങൾ വാതിൽപ്പടിയിൽ എത്തിക്കുന്നതിനും അടിസ്ഥാന ആരോഗ്യ സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ഈ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി വരുന്നു.

1. മാനന്തവാടി നഗരസഭയിൽ പ്രവർത്തിക്കുന്ന ആയുർവേദ ഡിസ്പെൻസറിയിൽ ചികിത്സിക്കായി എത്തുന്ന വയോജനങ്ങൾക്ക് ഏറെ ആശ്വാസകരമായ രീതിയിൽ സേവനം ചെയ്യുന്നതിന് നഗരസഭയ്ക്ക് സാധിക്കുന്നുണ്ട്. എക്സ്റ്റൻഷൻ ഓ പിയിലേക്കും ആയുർവേദ ഡിസ്പെൻസറിയിലേക്കും മരുന്നു വാങ്ങുന്നതിനായി **40 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

2. കിടപ്പുരോഗികൾക്ക് ഭക്ഷ്യധന്യകിറ്റ് വിതരണം ചെയ്യുന്നതിന് **10 ലക്ഷം രൂപ** വകയിരുത്തുന്നു.

3. മാനന്തവാടി മുൻസിപ്പാലിറ്റിയിലെ എല്ലാ വെൽനസ് സെൻററുകളിലും ലാബ് തുടങ്ങാൻ **30 ലക്ഷം രൂപ** വകയിരുത്തുന്നു.

4. കണിയാരത്ത് ആയുർവേദ ക്ലിനിക് ആരംഭിക്കുന്നതിന് **50 ലക്ഷം രൂപ** വകയിരുത്തുന്നു.

5. **രാജീവ് ഗാന്ധി ഹെൽത്ത് ആൻഡ് വെൽനസ് സെന്ററിന് പുതിയ കെട്ടിടം:** പയ്യമ്പള്ളിയിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന രാജീവ് ഗാന്ധി ഹെൽത്ത് ആൻഡ് വെൽനസ് സെന്ററിന്റെ സേവനങ്ങൾ പ്രദേശത്തെ ജനങ്ങൾക്ക് വളരെ ഉപകാരപ്രദമാണെന്നും അത് വളരെ വിജയകരമായി മുന്നേറുന്നുവെന്നതും ഭരണസമിതിക്ക് അഭിമാനകരമാണ്. കേരളത്തിൽ ഇ ഹെൽത്ത് സംവിധാനം ആവിഷ്കരിച്ച ആദ്യത്തെ ഹെൽത്ത് ആൻഡ് വെൽനസ് സെൻറർ ഇതാണ്. ആതുരസേവനത്തിൽ മികച്ച മാതൃകയായ സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി **50 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

6. മുൻസിപ്പാലിറ്റിയിലെ എല്ലാ ഹെൽത്ത് സെന്ററുകളുടെയും നവീകരണത്തിന് **20 ലക്ഷം രൂപ** വകയിരുത്തുന്നു.

7. 70 വയസ്സ് കഴിഞ്ഞ എല്ലാവർക്കും വീടുകളിൽ ചെന്ന് ബിപി ഷുഗർ പരിശോധിക്കുന്നതിന് പദ്ധതി തയ്യാറാക്കുന്നു. **3 ലക്ഷം രൂപ** വകയിരുത്തുന്നു.

8. പയ്യമ്പള്ളി വെൽനെസ്സ് സെന്ററിൽ മോർണിംഗ് ഒ പി ആരംഭിക്കുന്നതിന് **25 ലക്ഷം രൂപ** വകയിരുത്തുന്നു.

9. മുനിസിപ്പാലിറ്റിയുടെ കീഴിലുള്ള ഹെൽത്ത് സെന്ററുകളിൽ ഇസിജി മെഷീൻ വാങ്ങുന്നതിന് **5 ലക്ഷം രൂപ** വകയിരുത്തുന്നു.

10. കുറുക്കൻമൂല പി എച്ച് സി ക്ക് പുതിയ ആംബുലൻസ് വാങ്ങുന്നതിനു വേണ്ടി **30 ലക്ഷം രൂപ** വകയിരുത്തുന്നു.

11. മുനിസിപ്പാലിറ്റിയുടെ കീഴിൽ ന്യായവില മെഡിക്കൽ ഷോപ്പുകൾ ആരംഭിക്കുന്നതിന് **25 ലക്ഷം രൂപ** വകയിരുത്തുന്നു.

12. പാലിയേറ്റീവ് സെന്ററിലേക്ക് രോഗികൾക്കുള്ള വീൽചെയർ, വോക്കിംഗ് സ്റ്റിക്, കട്ടിൽ തുടങ്ങിയവ നൽക്കുന്ന പദ്ധതിക്ക് **10 ലക്ഷം രൂപ** വകയിരുത്തുന്നു.

13. വെൽനെസ്സ് സെൻററുകൾ മരുന്നു വാങ്ങുന്നതിന് **50 ലക്ഷം രൂപ** വകയിരുത്തുന്നു.

14. മുൻസിപ്പൽ പരിധിയിൽ അർബൻ പി എച്ച് സികൾ ആരംഭിക്കുന്നതിനായി **25 ലക്ഷം രൂപ** വകയിരുത്തുന്നു.

15. പിലാക്കാവ് ഇന്ദിരാഗാന്ധി ഹെൽത്ത് ആൻഡ് വെൽനസ് സെൻററിൽ മോണിംഗ് ഓ പി നടത്തിപ്പിനും അനുബന്ധസൗകര്യങ്ങൾ ഒരുക്കുന്നതിനും **20 ലക്ഷം രൂപ** വകയിരുത്തുന്നു.

16. ആയുർവേദ ഡിസ്പെൻസറികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി **20 ലക്ഷം രൂപ** വകയിരുത്തുന്നു

17. മാനന്തവാടി നഗരസഭയിലെ ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തനങ്ങൾക്ക് **10 ലക്ഷം രൂപ** വകയിരുത്തുന്നു.

18. മഴക്കാലപൂർവ്വ ശുചീകരണം, പകർച്ചവ്യാധി പ്രതിരോധപ്രവർത്തനങ്ങൾ, സിക്കിൾ സെൽ അനീമിയ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിവയ്ക്കായി ഈ ബജറ്റിൽ **5 ലക്ഷം രൂപ** വകയിരുത്തുന്നു.

19. പയ്യമ്പള്ളി രാജീവ് ഗാന്ധി ഹെൽത്ത് ആൻഡ് വെൽനസ് സെൻറർ പിലാക്കാവ് ഇന്ദിരാഗാന്ധി ഹെൽത്ത് ആൻഡ് വെൽനസ് സെൻറർ എന്നിവിടങ്ങളിൽ പോളി ക്ലിനിക് ആരംഭിക്കുന്നതിനായി **20 ലക്ഷം രൂപ** വകയിരുത്തുന്നു.

# VI പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനം

വയനാടിന്റെ സാംസ്കാരികമേഖലയിൽ തനതായ സംഭാവനകൾ നൽകുന്ന ജനവിഭാഗമാണ് ഗോത്രജനത. വയനാടൻ മണ്ണിന്റെ നന്മകൾ തിരിച്ചറിഞ്ഞ ഗോത്രജനത നാളുകൾ പിന്നിട്ട് സാംസ്കാരിക വളർച്ചയുടെ പടവുകൾ താണ്ടി സാമൂഹികവൽക്കരണത്തിന്റെ ഭാഗമായി കഴി ഞ്ഞിരിക്കുന്നു. 2026-27വർഷത്തെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വിഭാവനം ചെയ്യുന്ന പദ്ധതികൾ:

1. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രഭാതഭക്ഷണം നൽകുന്ന പദ്ധതിക്കായി **30 ലക്ഷം രൂപ** വകയിരുത്തുന്നു.

2. **നങ്കമക്ക ഗോത്രഫെസ്റ്റ്:** പാർശ്വവൽക്കരിക്കപ്പെട്ട വയനാടൻ ഗോത്രജനതയെ ഒപ്പം നിർത്താനും ഗോത്രജനവിഭാഗങ്ങളുടെ കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പുനരുജ്ജീവനം നൽകാനും ഗോത്രവിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും ലക്ഷ്യമിട്ട് മാനന്തവാടി നഗരസഭ നടപ്പിലാക്കിവരുന്ന ഗോത്രഫെസ്റ്റ് കൂടുതൽ ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധനേടുകയാണ്. വയനാട്ടിലെ ഗോത്രസമുദായത്തിന്റെ തനത് കലാരൂപങ്ങളെ കോർത്തിണക്കുന്ന ഗോത്ര ഫെസ്റ്റിനായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

3. ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂളുകളിലെ വരെയുള്ള ക്ലാസുകളിലെ ST വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ (HM/PRI നൽകുന്ന പട്ടിക പ്രകാരം) വാങ്ങുന്നതിന് **10 ലക്ഷം രൂപ** വകയിരുത്തുന്നു.

4. സ്കൂളുകളിൽ നിന്ന് സംസ്ഥാന തലമത്സരങ്ങളിൽ പങ്കെടുക്കുന്ന ST വിദ്യാർത്ഥികൾക്കുള്ള സാമ്പത്തികസഹായം നൽകുന്നതിന് **2 ലക്ഷം രൂപ** വകയിരുത്തുന്നു.

5. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലെ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികളുടെ കരിയർ ഗൈഡൻസ് ക്ലാസുകൾക്കായി **ഒരു ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

6. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് **ഒരു ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

7. മദ്യം, മയക്കുമരുന്ന്, തുടങ്ങിയ ലഹരിവസ്തുക്കളുടെ ഉപയോഗത്തിനെതിരെ ബോധവൽക്കരണ ക്ലാസുകൾ, ക്യാമ്പുകൾ എന്നിവ ഉന്നതികളിൽ സംഘടിപ്പിക്കുന്നതിനായി **5 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

8. മാനന്തവാടി നഗരസഭ വളരെ ഉപകാരപ്രദമായ രീതിയിൽ നടത്തിവരുന്ന പദ്ധതിയാണ് എസ് ടി കുടുംബങ്ങളുടെ ഭവനനവീകരണം. മുൻ വർഷങ്ങളിലായി മുന്നൂറിൽപരം വ്യക്തികൾക്ക് ഭവന നവീകരണം നടത്താൻ കഴിഞ്ഞുവെന്നതും നിലവിൽ പദ്ധതി തുടർന്നുകൊണ്ടിരിക്കുന്നതും ചാരിതാർഥ്യജനകമാണ്. ഗോത്ര വിഭാഗത്തിൽപ്പെട്ടവരുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്താൻ ഈ പ്രവർത്തനങ്ങളെല്ലാം ഉപകാരപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിക്കായി **50 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

9. പട്ടികവർഗ്ഗ/ പട്ടികജാതിവിഭാഗത്തിലെ വനിതകൾക്ക് സാമ്പത്തിക പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മുന്നോട്ടുവയ്ക്കുന്ന സ്വയംതൊഴിൽ പദ്ധതിക്കായി **10 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു

10. **മാതൃകാ ഉന്നതി:** മാനന്തവാടി നഗരസഭയിലെ ഉന്നതികളിൽ നിന്ന് ഒരു ഉന്നതിയെ തിരഞ്ഞെടുക്കുകയും നിശ്ചിത ഉന്നതിയിലെ സാമ്പത്തിക സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസ സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിന് ആവശ്യമായ സമഗ്രപദ്ധതി നടപ്പിലാക്കുന്നതിനായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

11. എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ പഠനമുറി എന്നിവക്കായി ഈ ബഡ്ജറ്റിൽ **10 ലക്ഷം രൂപ** വകയിരുത്തുന്നു.

12. എസ് ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ പഠനമുറി എന്നിവയ്ക്കായി ഈ ബജറ്റിൽ **10 ലക്ഷം രൂപ** വകയിരുത്തുന്നു .

13. എസ് സി വനിതകൾക്ക് സ്വയംതൊഴിൽ പരിശീലനം നൽകുന്നതിനായി ഈ ബജറ്റിൽ **5 ലക്ഷം രൂപ** വകയിരുത്തുന്നു.

# VII മാലിന്യമുക്ത മാനന്തവാടി

ഭൗതികമായ ഒട്ടേറെ പരിമിതികൾ നിലനിൽക്കുമ്പോഴും മാലിന്യസംസ്കരണ രംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങളാണ് മാനന്തവാടി നഗരസഭ കാഴ്ചവെക്കുന്നത്. ജനജീവിതം സുരക്ഷിതമാക്കുന്നതിനും നഗരസഭയെ സമ്പൂർണ്ണ ശുചിത്വ പദവിയിലേക്ക് ഉയർത്തുന്നതിനും നാം പ്രതിജ്ഞാബദ്ധമാണ്. നിലവിലുള്ള സംവിധാനങ്ങളെ കൂടുതൽ ഊർജിതമാക്കുന്നതിനും ശാസ്ത്രീയമായ മാലിന്യസംസ്കരണ രീതികൾ നടപ്പിലാക്കുന്നതിനുമായി 2026-27 വാർഷിക ബജറ്റിൽ താഴെ പറയുന്ന പദ്ധതികൾ വിഭാവനം ചെയ്യുന്നു:

1. നഗരസഭയിലെ റോഡുകൾ വേഗത്തിൽ ശുചിയാക്കാൻ റോഡ് സ്വീപ്പിംഗ് മെഷീൻ വാങ്ങുന്നതിന് **50 ലക്ഷം രൂപ** വകയിരുത്തുന്നു.

2. മാനന്തവാടി നഗരസഭയിൽ 36 ഡിവിഷനുകളിലും മിനി എം സി എസ് പ്രവർത്തിച്ചുവരുന്നു. ഡിവിഷനുകളിൽ നിന്ന് ലഭിക്കുന്ന അജൈവമാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് വേർതിരിക്കാനും ശേഖരിച്ചുവയ്ക്കാനും ഉള്ള എംസിഎഫ് നിർമ്മാണത്തിനായി **50 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

3 ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ മാനന്തവാടി നഗരസഭയിൽ വളരെ നല്ല രീതിയിൽ നടന്നുവരുന്നുണ്ട്. ആയതിനാൽ നഗരസഭയിലെ ഹരിതകർമ്മസേനയുടെ തൊഴിൽ സാഹചര്യവും ഭൗതിക സാഹചര്യവും മെച്ചപ്പെടുത്തുന്നതിനായി **10 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

4. ഉറവിടമാലിന്യ സംസ്കരണ ഉപാധികളായ ജി-ബിൻ, ബയോഗ്യാസ് പ്ലാന്റുകൾ, കിച്ചൻ ഡൈജസ്റ്റർ പോട്ടുകൾ, റിംഗ് കമ്പോസ്റ്റ്, വേസ്റ്റ് ബിൻ എന്നിവ വാങ്ങുന്ന പദ്ധതിക്കായി ഈ ബജറ്റിൽ **50 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

5. ആരോഗ്യവിഭാഗം വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ ശുചീകരണ സാമഗ്രികൾ വാങ്ങൽ, റിജെക്ട് മാലിന്യങ്ങൾ കയറ്റിയയ്ക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾക്കായി **50 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

6. ആരോഗ്യവിഭാഗത്തിന് വാഹനം വാങ്ങുന്നതിനായി **15 ലക്ഷം രൂപ** വകയിരുത്തുന്നു.

7. **ശാന്തിതീരം:** മാനന്തവാടി നഗരസഭയുടെ സ്വപ്നപദ്ധതിയായിരുന്നു ഗ്യാസ് ക്രിമിറ്റോറിയം. ഈ പദ്ധതി പൂർത്തീകരിച്ച് നാടിന് സമർപ്പിക്കുവാൻ ഭരണസമിതിക്ക് കഴിഞ്ഞുവെന്നത് ഏറെ

അഭിമാനകരമാണ്. മാനന്തവാടി മുനിസിപ്പൽ പരിധിയിലെ എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി തങ്ങളുടെ പ്രിയപ്പെട്ടവരുടെ അന്ത്യകർമ്മങ്ങൾ നിർവഹിക്കാനുള്ള സൗകര്യം ഭരണസമിതി ഏർപ്പെടുത്തുന്നുവെന്നത് നാടിനു വലിയ ആശ്വാസമാണ്. മാനന്തവാടി നഗരസഭയുടെ ശാന്തിതീരം തുടർനടത്തിപ്പിനായി **50 ലക്ഷം രൂപ** ഈ ബജറ്റിൽ വകയിരുത്തുന്നു.

8. ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി വാഹനം വാങ്ങുന്നതിന് ജെ.സി.ബി, ടിപ്പർ, ട്രാക്ടർ എന്നിവ വാങ്ങുന്നതിന് **1 കോടി രൂപ** വകയിരുത്തുന്നു.

# VIII ദുരന്തനിവാരണം

കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ വയനാടിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥയെ സങ്കീർണ്ണമായ ഒരു ഘട്ടത്തിൽ എത്തിച്ചിരിക്കുകയാണ്. മുണ്ടക്കൈ, ചൂരൽമല ദുരന്തങ്ങൾ നൽകിയ കനത്ത ആഘാതവും വേദനയും പേറുന്ന ഒരു ജനതയാണ് നമ്മുടേത്. പ്രകൃതിയുടെ മനോഹാരിതയ്ക്കൊപ്പം തന്നെ അവൾ ഒളിപ്പിച്ചുവെച്ചിരിക്കുന്ന അപകടസാധ്യതകളെയും നാം തിരിച്ചറിയുന്നു. കഴിഞ്ഞകാല അനുഭവങ്ങളിൽ നിന്ന് ഉൾക്കൊണ്ട പാഠങ്ങൾ ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ അനിവാര്യത നഗരസഭയ്ക്ക് ബോധ്യപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിക്ഷോഭങ്ങൾ തുടർക്കഥയാകുന്ന സാഹചര്യത്തിൽ, ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കാൻ ലക്ഷ്യമിട്ട് 2026-27 വാർഷിക ബജറ്റിൽ താഴെ പറയുന്ന പദ്ധതികൾ നാം വിഭാവനം ചെയ്യുന്നു:

മാനന്തവാടി മുനിസിപ്പാലിറ്റിയിലെ യുവജനസംഘടനകളെയും ക്ലബ്ബുകളെയും സാമൂഹ്യപ്രവർത്തകരെയും ചേർത്തുകൊണ്ട് ദ്രുത കർമ്മസേനാ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ക്ലാസുകൾ പരിശീലനപരിപാടികൾ എന്നിവ സംഘടിപ്പിക്കാനും ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനും ഹെൽപ്പ് ഡെസ്ക് സംവിധാനങ്ങൾ ഒരുക്കുന്നതിനും ഷെൽട്ടർ ഹോമുകൾ ഒരുക്കുക, സുരക്ഷ ഉപകരണങ്ങൾ സജ്ജമാക്കുക, എന്നീ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കുമായി **50 ലക്ഷം രൂപ** 2026-27 വാർഷിക ബജറ്റിൽ വകയിരുത്തുന്നു.

# IX വനിതാവികസനം

ഒരു സമൂഹത്തിന്റെ പുരോഗതി സ്ത്രീകളുടെ പുരോഗതിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. സ്ത്രീകൾ തൊഴിൽ രംഗത്തും വിദ്യാഭ്യാസരംഗത്തും പൊതുമേഖലയിലും എല്ലാം ഇടപെടലുകൾ നടത്തി ശക്തരാകുമ്പോഴാണ് സമഗ്ര വികസനം സാധ്യമാകുന്നത്. വനിതാക്ഷേമപദ്ധതികൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് ആവിഷ്കരിക്കുന്ന അനവധി പദ്ധതികൾ നഗരസഭ വിഭാവനം ചെയ്യുന്നു. സാമ്പത്തികമായും സംഘടനാപരമായും ലോകത്തിന് തന്നെ മാതൃകയായ വനിതാ കൂട്ടായ്മയാണ് കുടുംബശ്രീ. സാധാരണക്കാരായ ലക്ഷക്കണക്കിന് കുടുംബങ്ങളുടെ അത്താണിയായി മാറിയ കുടുംബശ്രീയിലൂടെ സ്ത്രീകൾ കൈവരിച്ച സാമ്പത്തിക സ്വയംപര്യാപ്തത, അവർക്ക് സമൂഹത്തിലും കുടുംബങ്ങളിലും വലിയ അംഗീകാരം നേടിക്കൊടുത്തു. മാനന്തവാടി നഗരസഭയ്ക്ക് കീഴിലെ രണ്ട് സി.ഡി.എസ്സുകളിലായി അഞ്ഞൂറ്റി അറുപതിലധികം അയൽക്കൂട്ടങ്ങളും നാനൂറോളം സ്വയംതൊഴിൽ സംരംഭങ്ങളും ഇന്ന് വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. സ്ത്രീശക്തിയെ കൂടുതൽ ഉയരങ്ങളിലെത്തിക്കുന്നതിനും അവരുടെ സമഗ്ര പുരോഗതി ഉറപ്പാക്കുന്നതിനുമായി 2026-27 വാർഷിക ബജറ്റിൽ താഴെ പറയുന്ന പദ്ധതികൾ നാം വിഭാവനം ചെയ്യുന്നു:

1. **ഷീ ലോഡ്ജ് പൂർത്തികരണം:** മാനന്തവാടി നഗരത്തിൽ എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിതവും മിതമായ നിരക്കിൽ താമസിക്കാവുന്നതുമായ സൗകര്യം ഒരുക്കുന്നതിനായി വിഭാവനം ചെയ്ത താണ് 'ഷീ ലോഡ്ജ്' പദ്ധതി. ദൂരസ്ഥലങ്ങളിൽ നിന്നും ജോലിക്കും പഠനത്തിനുമായി എത്തുന്ന സ്ത്രീകൾക്കും യാത്രക്കാർക്കും ഇത് വലിയ ആശ്വാസമാകും. ആധുനികമായ താമസ സൗകര്യങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ എന്നിവയോടു കൂടിയായിരിക്കും ഈ കെട്ടിടം പൂർത്തീകരിക്കുക. ഇതിന്റെ പൂർത്തീകരണത്തിനായി **10 ലക്ഷം രൂപ** വകയിരുത്തുന്നു.

2. **കുടുംബശ്രീ സൂപ്പർമാർക്കറ്റ്:** മാനന്തവാടി നഗരസഭയുടെ ഉടമസ്ഥതയിൽ എരുമത്തെരുവിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ സൂപ്പർമാർക്കറ്റ് ആരംഭിക്കുന്നതിന് **50 ലക്ഷം രൂപ** വകയിരുത്തുന്നു.

3. **വനിതാ ഹെൽത്ത് ക്ലബ്:** നഗരസഭയിലെ വിവിധ പ്രദേശങ്ങളിലായി സ്ത്രീകൾക്കായി പ്രത്യേക ഹെൽത്ത് ക്ലബുകൾ സ്ഥാപിക്കുന്നതിനായി **20 ലക്ഷം രൂപ** വകയിരുത്തുന്നു. സ്ത്രീകളുടെ ശാരീരികക്ഷമതയും ആരോഗ്യവും സംരക്ഷിക്കുന്നതിനായി ആധുനിക വ്യായാമ ഉപകരണങ്ങൾ, യോഗാ പരിശീലന സൗകര്യം എന്നിവ വിവിധ കേന്ദ്രങ്ങളിൽ ഒരുക്കുന്നതാണ്. പ്രാദേശികമായി സ്ത്രീകളുടെ കൂട്ടായ്മകൾക്കും ആരോഗ്യ പരിരക്ഷയ്ക്കും ഈ പദ്ധതി മുൻഗണന നൽകുന്നു.

4. കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഈ ബജറ്റിൽ **25 ലക്ഷം രൂപ** വകയിരുത്തുന്നു.

5. സ്ത്രീരോഗനിർണയ ക്യാമ്പിനും മരുന്ന് വിതരണത്തിനുമായി ഈ ബജറ്റിൽ **5 ലക്ഷം രൂപ** വകയിരുത്തുന്നു.

6. സ്ത്രീകളുടെ ആരോഗ്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മെൻസ്ട്രൽ കപ്പ് വിതരണം എന്ന പദ്ധതിക്കായി **2 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

7. വനിതകൾക്ക് പിഎസ്സി കോച്ചിംഗ് നൽകുന്നതിനായി **2 ലക്ഷം രൂപ** വകയിരുത്തുന്നു.

8. **യോഗപരിശീലനം :** ശാരീരിക മാനസിക ഉന്മേഷം വനിതകൾക്ക് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് യോഗ പരിശീലനം. ഈ പദ്ധതിക്കായി 2026-27 ബജറ്റിൽ **5 ലക്ഷം രൂപ** വകയിരുത്തുന്നു.

9. **ഹൈടെക് അങ്കണവാടികൾ:** മാനന്തവാടി നഗരസഭയിലെ അംഗനവാടികളെ ആധുനികവൽക്കരിക്കുന്നതിനായി **20 ലക്ഷം രൂപ** വകയിരുത്തുന്നു. ശിശുസൗഹൃദമായ ഫർണിച്ചറുകൾ, സ്മാർട്ട് ലേണിംഗ് സംവിധാനങ്ങൾ എന്നിവ ഒരുക്കി അംഗനവാടികളെ ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുകയാണ് ലക്ഷ്യം.

# X യുവജനക്ഷേമം

നാടിന്റെ കരുത്തായ യുവജനങ്ങളെ ക്രിയാത്മകമായ വഴികളിലൂടെ നയിക്കുക എന്നത് വികസിത സമൂഹത്തിന്റെ ലക്ഷ്യമാണ്. ദിശാബോധവും സാമൂഹിക പ്രതിബദ്ധതയുമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കാൻ മാനന്തവാടി നഗരസഭ ഈ ബജറ്റിലൂടെ വലിയ പ്രാധാന്യം നൽകുന്നു. ആധുനിക കാലത്തെ വെല്ലുവിളിയായ ലഹരി ഉപയോഗത്തിൽ നിന്നും യുവത്വത്തെ സംരക്ഷിക്കാനും അവരുടെ കായിക-ബൗദ്ധിക ശേഷികളെ നാടിന്റെ ഉന്നമനത്തിനായി ഉപയോഗപ്പെടുത്താനുമുള്ള ഉറച്ച തീരുമാനത്തിലാണ് ഭരണസമിതി. ഈ ലക്ഷ്യങ്ങൾ മുൻനിർത്തി 2026-27 വാർഷിക ബജറ്റിൽ താഴെ പറയുന്ന പദ്ധതികൾ നാം വിഭാവനം ചെയ്യുന്നു:

1. **ജോബ് സ്റ്റേഷനും ജോബ് ഫെയറും:** മാനന്തവാടിയിലെ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു സ്ഥിരം ജോബ് സ്റ്റേഷൻ രൂപീകരിക്കുന്നതിനും ജോബ് ഫെയർ സംഘടിപ്പിക്കുന്നതിനുമായി **5 ലക്ഷം രൂപ** വകയിരുത്തുന്നു. പ്രാദേശിക തൊഴിൽ സാധ്യതകൾ ഏകോപിപ്പിക്കാനും ഉദ്യോഗാർത്ഥികൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

2. **ജെൻസി കോർണറുകൾ (Gen-Z Corners)**: നമ്മുടെ നഗരത്തിലെ യുവതലമുറയുടെ സർഗ്ഗാത്മകവും കായികവുമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'ജെൻസി കോർണറുകൾ' എന്ന പേരിൽ ആധുനികമായ റീക്രിയേഷൻ ഹബ്ബുകൾ നാം ഈ വർഷം സ്ഥാപിക്കുന്നു. യുവാക്കൾക്ക് ഒത്തുചേരാനും വിനോദങ്ങളിൽ ഏർപ്പെടാനും ആശയവിനിമയം നടത്താമുതകുന്ന, വൈഫൈ സൗകര്യത്തോടുകൂടിയ ക്രിയാത്മക ഇടങ്ങളായിരിക്കും ഇവ. ലഹരി വിരുദ്ധ ബോധവൽക്കരണത്തിനും വ്യക്തിത്വ വികാസത്തിനും ഈ കേന്ദ്രങ്ങൾ വലിയ പങ്ക് വഹിക്കും. ഈ പദ്ധതിക്കായി **5 ലക്ഷം രൂപ** വകയിരുത്തുന്നു.

3. കോളേജുകൾ, ക്ലബ്ബുകൾ, വായനശാലകൾ എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണക്ലാസുകൾ, ലഹരിവിരുദ്ധപ്രവർത്തനങ്ങൾ എന്നിവ നടത്തുന്നതിനായി **3 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

4. യൂത്ത് ക്ലബ് പ്രവർത്തനങ്ങൾക്കായി 3 **ലക്ഷം രൂപ** വകയിരുത്തുന്നു.

5. **കേരളോത്സവം:** മാനന്തവാടി നഗരസഭയിലെ യുവജനങ്ങളുടെ കലാകായിക കഴിവുകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി മുൻവർഷങ്ങളിൽ വളരെ വിജയകരമായി നടപ്പിലാക്കിയ കേരളോത്സവം നടത്തുന്നതിനായി **3 ലക്ഷം രൂപ** വകയിരുത്തുന്നു.

# XI വിനോദസഞ്ചാര മേഖല

പ്രകൃതിരമണീയമായ വയനാടിന്റെ സൗന്ദര്യം തേടി ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും സഞ്ചാരികൾ എത്തുന്ന സാഹചര്യത്തിൽ, വിനോദസഞ്ചാര മേഖലയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്താൻ നഗരസഭ ലക്ഷ്യമിടുന്നു. മാനന്തവാടി നഗരസഭാ പരിധിയിലെ ചരിത്രപരവും പ്രകൃതിദത്തവുമായ ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനാണ് നാം ഉദ്ദേശിക്കുന്നത്. ഉത്തരവാദിത്ത ടൂറിസത്തിലൂടെ പ്രാദേശിക സാമ്പത്തിക വളർച്ചയും തൊഴിലവസരങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ 2026-27 വാർഷിക ബജറ്റിൽ വിനോദസഞ്ചാര മേഖലയ്ക്കായി സവിശേഷമായ പദ്ധതികൾ വിഭാവനം ചെയ്യുന്നു.

1. **കുറുവയിൽ അമ്യൂസ്മെന്റ് പാർക്ക്:** വയനാട്ടിലെ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് എത്തിച്ചേരുന്ന പലരും ദ്വീപിനുള്ളിലേക്ക് പ്രവേശനം ലഭിക്കാതെ നിരാശപ്പെട്ട് മടങ്ങുന്ന സാഹചര്യമുണ്ട്. ധാരാളം ടൂറിസ്റ്റുകൾ വന്നിട്ടുള്ള കുറുവയിൽ ഒരു അമ്യൂസ്മെന്റ് പാർക്ക് സ്വകാര്യ സംരംഭകരുടെ സഹകരണത്തോടെ ആരംഭിക്കുന്നതിന് ഈ ബജറ്റിൽ **50 ലക്ഷം രൂപ** വകയിരുത്തുന്നു.

2. **മുനീശ്വരം കുന്ന് ടൂറിസം:** തവിഞ്ഞാൽ ഗ്രാമപഞ്ചായത്തും മാനന്തവാടി നഗരസഭയും സംയുക്തമായി സ്വകാര്യ പങ്കാളിത്തത്തോടെ റോപ്പ് വേ, ഗ്ലാസ് ബ്രിഡ്ജ്, മറ്റ് വിനോദോപാധികൾ എന്നിവ സ്ഥാപിച്ചുകൊണ്ട് മുനീശ്വരം കുന്ന് പ്രദേശത്തെ ഒരു ടൂറിസ്റ്റ് ഹബ്ബാക്കി മാറ്റുന്നതിന് ഈ ബജറ്റിൽ **25 ലക്ഷം രൂപ** വകയിരുത്തുന്നു

3. **ടൂറിസം ഫെസിലിറ്റേഷൻ സെന്ററുകൾ:** കൂടൽക്കടവ്, കരിങ്കുളം, കുറുവാ തുടങ്ങിയ വിനോദസഞ്ചാര ഇടങ്ങൾ കേന്ദ്രീകരിച്ച് ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കുന്നതിലേക്കായി ഈ ബജറ്റിൽ **30 ലക്ഷം രൂപ** വകയിരുത്തുന്നു.

4. അമൃത് 2.0 പാർക്ക് ചൂട്ടക്കടവിൽ ആരംഭിക്കുന്നതിലേക്കായി **50 ലക്ഷം രൂപ** വകയിരുത്തുന്നു.

5. പഞ്ചാരകൊല്ലിയിലെ പ്രിയദർശനി എസ്റ്റേറ്റിൽ സാഹസികടൂറിസത്തിന് സാധ്യതയുള്ളതിനാൽ ഈയൊരു പദ്ധതി നടപ്പിലാക്കുന്നതിനായി **20 ലക്ഷം രൂപ** വകയിരുത്തുന്നു.

6. ജൈവവൈവിധ്യ പാർക്കിന്റെ പ്രവർത്തനങ്ങൾക്കും വിപുലീകരണത്തിനുമായി **10 ലക്ഷം രൂപ** ബജറ്റിൽ വകയിരുത്തുന്നു.

## XII

## മാസ്റ്റർ പ്ലാൻ പ്രകാരം വിഭാവന ചെയ്യുന്ന പ്രധാന പദ്ധതികളും ദിശാസൂചികളും 2026-27വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പദ്ധതി നിർദ്ദേശങ്ങൾ

### 1. എം സി എഫ്, ആർ ആർ എഫ്

നഗരസഭയിലെ മാലിന്യങ്ങൾ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമായി എല്ലാ വാർഡുകളിലും ഒരു മിനി MCF ചിറക്കരയിൽ ഒരു RRF (Resource Recovery Fecility ) വിഭാവനം ചെയ്യുന്നു. ഈ സാമ്പത്തിക വർഷം 3 വാർഡുകൾ കേന്ദ്രീകരിച്ച് ഒരു മിനി MCF എന്ന രീതിയിൽ ആകെ 12 MCF നിർമിക്കുന്നതിനുള്ള പദ്ധതി.

### 2. കുട്ടികളുടെ പാർക്ക്

'ഒരു വാർഡിൽ ഒരു കളിസ്ഥലം' എന്ന വിഭാവിത പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടത്തിൽ പാലാക്കുളിയിൽ ഒരു കുട്ടികളുടെ പാർക്ക്. പ്രസ്തുത സ്ഥലത്ത് കളിസ്ഥലം, നടപ്പാത, കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ, ഉദ്യാനം, വൈദ്യുതിവൽക്കരണം ഉൾപ്പെടെയുള്ള പദ്ധതി

### 3. പുഴയോര പാർക്ക്

ജലസമൃദ്ധമായ മാനന്തവാടിപ്പുഴയുടെ ഭംഗി നുകരുവാനും നഗരസഭയിലെ ജനങ്ങൾക്ക് ഒഴിവു സമയം ചിലവിടാനും കഴിയുന്ന തരത്തിൽ പുഴയോര പാർക്കുകൾ നഗരസഭയുടെ പല ഭാഗങ്ങളിലായി വിഭാവനം ചെയ്യുന്നു. ആദ്യഘട്ടമെന്ന നിലയ്ക്ക് വള്ളിയൂർക്കാവ് പാലത്തിനു താഴെ വരുന്ന GOS ഒരു പുഴയോരപാർക്കായി വികസിപ്പിക്കുന്നതിനും നടപ്പാതകൾ, തണൽ മരങ്ങൾ, ഇരിപ്പിടങ്ങൾ, വൈദ്യുതി ദീപങ്ങൾ, പുഴയിൽ ബോട്ടിംഗ് ഉൾപ്പെടെ വികസിപ്പിക്കുന്നതിനുള്ള പദ്ധതി.

### 4. ഓപ്പൺ സ്റ്റേഡിയം @ ചൂട്ടക്കടവ്

താഴെയങ്ങാടിയിൽ മുൻസിപ്പാലിറ്റിയുടെ കൈവശമുള്ള ഭൂമിയിൽ ഒരു ഓപ്പൺ സ്റ്റേഡിയം നിർമിക്കുന്നതിനുള്ള പദ്ധതി. ഗ്രൌണ്ടിന് ചുറ്റുമതിൽ നിർമാണം, ഗാലറി, കുടിവെള്ള സാനിറ്റേഷൻ സൗകര്യങ്ങൾ, ഫുട്ബോൾ & ബാസ്ക്റ്റ് ബോൾ കോർട്ടുകൾക്കുള്ള സൗകര്യങ്ങൾ; പാർക്കിംഗ് ഉൾപ്പെടെയുള്ള പദ്ധതി

### 5. ഊർപ്പള്ളി ടൂറിസം പദ്ധതി

നഗരസഭയുടെ അധീനതയിലുള്ള ഊർപ്പള്ളി തടാകം സുരക്ഷാ വേലി, കഫറ്റീരിയ, വിശ്രമ കേന്ദ്രം, ബോട്ടിംഗ്, ടെന്റുകൾ, മീൻ പിടുത്തത്തിനുള്ള പ്രത്യേക സ്ഥലം, ഇരിപ്പിടങ്ങൾ, വൈദ്യുത അലങ്കാരങ്ങൾ, തുടങ്ങിയവ ഉൾപ്പെടുത്തിയും പ്രസ്തുതസ്ഥലത്തോട് ചേർന്ന് നിൽക്കുന്ന ഖമശി Temple ആയി ബന്ധപ്പെടുത്തിയും ഒരു ടൂറിസം ഡെസ്റ്റിനേഷൻ ആയി ഉയർത്തുന്നതിനുള്ള പദ്ധതി. സ്ഥലം റെവന്യൂ വകുപ്പിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കണം.

### 6. പൈതൃകപാത

പഴശ്ശി പാർക്ക്-പഴശ്ശി സ്മാരകം ബ്രിട്ടീഷ് സെമിത്തേരി എന്നിവയെ ബന്ധിപ്പിച്ച്കൊണ്ട് ഒരു പൈതൃകപാത രൂപീകരിക്കുകയും പ്രസ്തുത പാതയുടെ ഇരുവശങ്ങളിലുമുള്ള മതിലുകളിൽ വയനാടിന്റെ ചരിത്രം രേഖപ്പെടുത്തുകയും ചെയ്യാൻ ഉദ്ദേശിക്കുന്ന പദ്ധതി.

### 7. കൂടൽകടവ് - ചാലിഗദ്ദ പുഴയോര റോഡ്

കൂടൽക്കടവ് പാലത്തിനെയും - കുറുവാ ദ്വീപിനെയും ചാലിഗദ്ദ കോളനിയിലൂടെ ബന്ധിപ്പിക്കുന്ന കൂടൽക്കടവ് - ചാലിഗദ്ദ പുഴയോര റോഡിന്റെ ടൂറിസം പ്രധാന്യം കണക്കിലെടുത്ത് പ്രസ്തുത റോഡിന് നടപ്പാത, ഇരിപ്പിടങ്ങൾ, വൈദ്യുത അലങ്കാരങ്ങൾ, തണൽ മരങ്ങൾ എന്നിവ നൽകികൊണ്ട് സായാഹ്നം ചിലവഴിക്കാൻ കഴിയുന്ന ഒരു പിക്നിക് ഏരിയ ആക്കിന്നതിനുള്ള പദ്ധതി.

### 8. ടൗൺ സ്ക്വയർ

നഗരസഭയിലെ പൊതുയോഗങ്ങൾ, രാഷ്ട്രീയ പാർട്ടി പരിപാടികൾ തുടങ്ങിയവ ഗാന്ധി പാർക്ക് ജംഗ്ഷനിൽ ഉണ്ടാക്കുന്ന തിരക്കും ഗതാഗതകുരുക്കും ഒഴിവാക്കുന്നതിന് ഇത്തരം പരിപാടികൾ നടത്തുന്നതിന് ഒരു ഓപ്പൺ സ്ഥലം നിർമിക്കാൻ വിഭാവനം ചെയ്യുന്നു. ലിറ്റിൽ ഫ്ളവർ സ്കൂളിന് എതിർവശത്തായി ഇതിനായി കണ്ടെത്തിയ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭം പ്രവർത്തനങ്ങൾക്ക് തുക വിലയിരുത്തുന്നതിനുള്ള പദ്ധതി

### 9. ബസ് ടെർമിനൽ

താഴെയങ്ങാടി നിലവിലെ KSRTC, ബസ് ടെർമിനൽനോട് ചേർന്ന് ബസ് ടെർമിനൽ നിർമിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുന്നതിനുള്ള പദ്ധതി.

**10. ട്രക്ക് ടെർമിനൽ**

നഗരസഭയുടെ മാസ്റ്റർ പ്ലാനിൽ നിർദേശിച്ചിരിക്കുന്ന സ്ഥലത്ത് ട്രക്ക് ടെർമിനൽ നിർമിക്കുന്ന തിനായി സ്ഥലം ആരംഭിക്കുന്നതിനുള്ള പദ്ധതി. ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

**11. ടൗൺ ഹാൾ (ഗാന്ധി പാർക്ക്)**

നഗരസഭയുടെ മാസ്റ്റർ പ്ലാനിൽ നിർദേശിച്ചിരിക്കുന്ന സ്ഥലത്ത് ടൗൺ ഹാൾ നിർമിക്കുന്നതി നായി സ്ഥലം ആരംഭിക്കുന്നതിനുള്ള പദ്ധതി. ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ

**12. ഓപ്പൺ മാർക്കറ്റ്**

താഴെയങ്ങാടി ഭവന നിർമാണബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിനോടു ചേർന്നു ള്ള റവന്യൂ പുറമ്പോക്ക് ഉപയോഗപ്പെടുത്തി നഗരസഭയിലും സമീപപ്രദേശത്തുമുള്ള ആളുകൾക്ക് ഇടനിലക്കാരില്ലാതെ തങ്ങളുടെ ഉത്പന്നങ്ങൾ കൈമാറ്റം, ചെയ്യാനുള്ള ഒരു ഓപ്പൺ മാർക്കറ്റ്.

**13. സ്പോർട്സ് കോംപ്ലക്സ്**

ജില്ല പഞ്ചായത്തിന്റെ അധീനതയിൽ പുത്തൻപുരയിൽ ഉള്ള സ്ഥലം ആധുനിക രീതിയിൽ ഉ ള്ള സ്പോർട്സ് കോംപ്ലക്സ് പണിയുന്നതിനായി വിട്ടുകിട്ടുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭി ക്കുന്നതിനുള്ള പദ്ധതി.

**14. മൾട്ടി പർപ്പസ് റസ്ക്യൂ ഷെൽട്ടർ & ലൈഫ് ലൈൻ സ്റ്റോർ**

മൾട്ടി പർപ്പസ് റസ്കൂ ഷെൽട്ടർ നിർമിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള സ്ഥലങ്ങളായ ചൂട്ടക്കടവ്, കണിയാരം, കാവുകുന്ന്, ആറാട്ടുതറ, പുതിയിടം എന്നിവയിൽ ആദ്യത്തെതായ ചൂട്ടക്ക ടവിലെ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പദ്ധതി.

## ഉപസംഹാരം

മാനന്തവാടി നഗരസഭയുടെ ഈ വർഷത്തെ ബജറ്റ് നിർദ്ദേശങ്ങൾ നിങ്ങളുടെ മുൻപാകെ സമർപ്പിച്ചു കഴിയുമ്പോൾ, വലിയ ചാരിതാർത്ഥ്യവും ശുഭാപ്തിവിശ്വാസവുമാണ് മനസ്സിൽ നിറയു ന്നത്. നഗരസഭയിലെ എല്ലാവിഭാഗം ജനങ്ങളുടെയും ക്ഷേമം മുൻനിർത്തി, അത്യന്തം ജാഗ്രതയോടെ തയ്യാറാക്കിയ ഈ ബജറ്റ് നമ്മുടെ നാടിന്റെ സമഗ്രമായ പുരോഗതിയിലേക്കുള്ള കൃത്യമായ ദിശാസൂ ചികയായി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളതാണ്.

ഈ സാമ്പത്തിക രൂപരേഖ തയ്യാറാക്കുന്നതിൽ ഭരണസമിതിയിലെ എല്ലാ അംഗങ്ങളും കാട്ടി യ അർപ്പണബോധവും സഹകരണവും എടുത്തു പറയേണ്ടതാണ്. തങ്ങളുടെ വിലയേറിയ നിർദ്ദേശ ങ്ങളും കാഴ്ചപ്പാടുകളും വൈദഗ്ധ്യവും പങ്കുവെച്ച് ഈ ബജറ്റിനെ സമ്പന്നമാക്കിയ ഓരോരുത്തരോ ടും എന്റെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും ഈ വേളയിൽ രേഖപ്പെടുത്തുന്നു.

ഈ ഭരണസമിതിയുടെ പ്രവർത്തനങ്ങളെ വിശാലമനസ്കതയോടെ പിന്തുണച്ച മാനന്തവാടി നിവാസികൾക്ക് പ്രത്യേകമായ നന്ദി രേഖപ്പെടുത്തുന്നു. നിങ്ങളുടെ ഓരോരുത്തരുടെയും ക്രിയാത്മ കമായ ഇടപെടലുകളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിലമതിക്കാനാവാത്തതാണ്. നിങ്ങളോ രോരുത്തരുടെയും അഭിലാഷങ്ങളും പ്രതീക്ഷകളുമാണ് ഈ ഭരണസമിതിക്ക് എന്നും പ്രചോദനമരു

ളിയിട്ടുള്ളത്.

ലഭ്യമായ എല്ലാ വിഭവസ്രോതസ്സുകളെയും പരമാവധി ഉപയോഗപ്പെടുത്താൻ ഈ ബജറ്റിൽ ശ്രമിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, ബഹുമാനപ്പെട്ട എംപി, എംഎൽഎ എന്നിവരുടെയും വിവിധ ഏജൻസികൾ എന്നിവരുടെയും സഹകരണം ലഭ്യമാക്കി കൊണ്ടുള്ള ഒരു വികസനമാണ് ഭരണസമിതി ലക്ഷ്യം വയ്ക്കുന്നത്. 2026 -27 വാർഷികപദ്ധതി ഈ ബജറ്റുമായി ബന്ധിപ്പിച്ചു കൊണ്ട് നടപ്പിലാക്കാൻ കഴിയുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. 2026- 27 ബജറ്റിൽ ആകെ വരവ് നീക്കിയിരിപ്പ് അടക്കം **195,68,76,000 രൂപ** (195 കോടി 68 ലക്ഷത്തി എഴുപത്തിയാറായിരം രൂപ)യും പ്രതീക്ഷിതചെലവുകൾ **193,43,76,000 രൂപ** (193 കോടി 43 ലക്ഷം എഴുപത്തിയാറായിരം രൂപ)യും നീക്കിയിരിപ്പ് **2,25,00,000 രൂപ** (രണ്ടു കോടി 25 ലക്ഷം രൂപ) മിച്ചവും കണക്കാക്കുന്നു.

ഈ ബജറ്റ് ഭരണസമിതി മുമ്പാകെ തയ്യാറാക്കി അവതരിപ്പിക്കുന്നതിന് സഹായിച്ച ബഹുമാനപ്പെട്ട ചെയർപേഴ്സൺ, നഗരസഭാ സെക്രട്ടറി, സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺമാർ, ആസൂത്രണസമിതി ഉപാധ്യക്ഷൻ, ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗങ്ങൾ, കൗൺസിലർമാർ, നഗരസഭാ ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, വിവിധ മേഖലകളിലെ സാങ്കേതികവിദഗ്ധർ, പൊതുപ്രവർത്തകർ, മാധ്യമസുഹൃത്തുക്കൾ, ഇതിനു സഹകരിച്ച മറ്റെല്ലാ ഘടകങ്ങളോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ട് നമ്മുടെ നഗരസഭയുടെ സമഗ്രവികസനത്തിനായി നിങ്ങളുടെ വിലയേറിയ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും വേണ്ടി ഈ ബജറ്റിന്റെ പൂർണ്ണരൂപവും സംക്ഷിപ്തരൂപവും ഈ ഭരണസമിതിയുടെ മുൻപാകെ സമർപ്പിക്കുന്നു.

നന്ദി... സ്നേഹത്തോടെ,

**അഡ്വ. സിന്ധു സെബാസ്റ്റ്യൻ**

( ചെയർപേഴ്സൺ, ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി)

# മാനന്തവാടി നഗരസഭ

# 2026–27 സാമ്പത്തിക വർഷത്തെ ബജറ്റ്

# MANANTHAVADY MUNCIPALITY

# Budget for thr Financial Year 2026-27

| SN | HEAD OF ACCOUNTS | BUDGET FOR THE CURRENT YEAR | BUDGET FOR NEXT YEAR |
|---|---|---|---|
| Report: Form 1 | | | |
| From Date: 2026-2027 NEW BUDGET | | | |
| | Opening Balance | 198070406 | 18382561 |
| | Revenue Receipt - 1 | | |
| | Tax Revenues - 110 | | |
| 1 | 1100101 Property Tax (General) | 62000000 | 65000000 |
| 2 | 1100102 Service Cess u/rule 26 | 6200000 | 6500000 |
| 3 | 1101001 Profession Tax – Employees | 12000000 | 12500000 |
| 4 | 1101002 Profession Tax - Traders/ Institutions | 7500000 | 8000000 |
| 5 | 1108004 Entertainment Tax | 2100000 | 2200000 |
| | Total Tax Revenues | 89800000 | 94200000 |
| | Fees and User Charges - 140 | | |
| 6 | 1401001 Private Hospital & Paramedical Institutions Registration Fee | 15750 | 16000 |
| 7 | 1401002 Tutorial College Registration Fee | 7500 | 8000 |
| 8 | 1401101 License Fees for IFTEOS | 9000000 | 9500000 |
| 9 | 1401102 License Fees for Lodge | 25000 | 30000 |
| 10 | 1401103 License Fees under P.P.R ACT | 150000 | 175000 |
| 11 | 1401104 License Fees under Cinema Regulation Act | 6500 | 7000 |
| 12 | 1401105 License fee for Domestic Animals | 1000 | 2000 |
| 13 | 1401106 License Fees for Domestic Dogs | 2700 | 2700 |
| 14 | 1401199 Other Licensing Fees | 126000 | 140000 |
| 15 | 1401201 Fees for Construction of Buildings | 8251320 | 8500000 |
| 16 | 1401202 Fees for Installation of Machinery | 5000 | 7000 |
| 17 | 1401203 Permit Application fee | 3109523 | 3500000 |
| 18 | 1401204 Permit Fee for Additional FSI | 1000 | 2000 |
| 19 | 1401205 Fees for Erection of Telecommunication Tower | 40000 | 200000 |

| | | | |
|---|---|---|---|
| 20 | 1401301 Fees for Birth & Death Certificate | 5000 | 7000 |
| 21 | 1401302 Fees for Delayed Registration - Birth & Death | 2500 | 3500 |
| 22 | 1401304 Fee for Marriage Registration | 50000 | 60000 |
| 23 | 1401305 Fee for Non Availability Certificate | 500 | 1000 |
| 24 | 1401306 Fee for Correction in Registration | 12000 | 15000 |
| 25 | 1401399 Fees for Other Certificates or Extracts | 10000 | 12000 |
| 26 | 1401401 Fees under RTI Act | 2000 | 2500 |
| 27 | 1401601 Development Charges | 100000 | 150000 |
| 28 | 1401701 Regularization Fees | 2200000 | 2500000 |
| 29 | 1402001 Penal Interest | 1365000 | 1500000 |
| 30 | 1402003 Other Penalities and Fines | 400000 | 500000 |
| 31 | 1402004 Compounding Fee | 65000 | 70000 |
| 32 | 1402005 Fine for Dumping Waste | 200000 | 300000 |
| 33 | 1402006 Fine imposed by Health Authorities | 150000 | 200000 |
| 34 | 1404001 Fees for removal of Encroachment | 12000 | 15000 |
| 35 | 1404002 Notice Fees | 1000 | 2000 |
| 36 | 1404004 Ownership Change Fees - Fine | 50000 | 60000 |
| 37 | 1404005 License Change Fees | 125000 | 130000 |
| 38 | 1404008 Delayed Registration Fees | 17050 | 20000 |
| 39 | 1404009 Search Fees | 5000 | 6000 |
| 40 | 1404011 Late Fee | 22000 | 25000 |
| 41 | 1404099 Other Fees | 5000 | 6000 |
| 42 | 1405004 Market Fees | 3100000 | 0 |
| 43 | 1405007 Lorry, Taxi, Auto and Other Vehicle Stand Fees | 578130 | 600000 |
| 44 | 1405012 Crematorium Fees | 30000 | 40000 |
| 45 | 1405023 Public Comfort Station Receipts | 30000 | 40000 |
| 46 | 1406001 Entry Fees | 50000 | 75000 |
| 47 | 1407001 Road Cutting Charges | 50000 | 60000 |
| 48 | 1408001 Other Charges | 5000 | 6000 |
| | Total Fees and User Charges | 29383473 | 28495700 |
| | Sale and Hire Charges - 150 | | |

| | | | |
|---|---|---|---|
| 49 | 1501099 Receipts from Sale of Other Products | 10000 | 15000 |
| 50 | 1501101 Receipts from Sale of Forms | 2000 | 3000 |
| 51 | 1501102 Receipts from Sale of Tender Forms | 500000 | 600000 |
| 52 | 1501202 Receipts from Sale of Scrap | 30000 | 35000 |
| | Total Sale and Hire Charges | 542000 | 653000 |
| | Revenue Grants, Contributions and Subsidies - 160 | | |
| 53 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | 6000000 | 6500000 |
| 54 | 1601012 Fund for Transferred Functions/ Schemes - Widow Pension | 39000000 | 40000000 |
| 55 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | 1600000 | 1650000 |
| 56 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | 11000000 | 11100000 |
| 57 | 1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage | 120000 | 150000 |
| 58 | 1601017 Fund for Transferred Functions/ Schemes - Financial Help for Intercaste Marriages | 150000 | 175000 |
| 59 | 1601018 Fund for Transferred Functions/ Schemes - Old Age Pension | 82000000 | 85000000 |
| 60 | 1601023 General Purpose Fund | 33167000 | 44221000 |
| 61 | 1601077 Production incentive to Paddy Growers | 0 | 1000000 |
| 62 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | 13445000 | 36000000 |
| | Total Revenue Grants, Contributions and Subsidies | 186482000 | 225796000 |
| | Income from Investments - 170 | | |
| 63 | 1701001 Interest on Investments | 2200000 | 2200000 |
| | Total Income from Investments | 2200000 | 2200000 |
| | Interest Earned - 171 | | |
| 64 | 1711001 Interest from Bank Accounts | 300000 | 350000 |
| | Total Interest Earned | 300000 | 350000 |

| | | | |
|---|---|---|---|
| | Other Income - 180 | | |
| 65 | 1808099 Miscellaneous Receipts | 10000 | 15000 |
| | Total Other Income | 10000 | 15000 |
| | Prior Period Items - 280 | | |
| 66 | 2801002 Prior Period Income - Recovery of Unutiltzed Grants/ Funds | 0 | 200000 |
| | Total Prior Period Items | 0 | 200000 |
| | Rental Income - LB Properties - 130 | | |
| 67 | 1301003 Rent from Shopping Complex | 0 | 4000000 |
| 68 | 1301006 Rent from Market | 3100000 | 3500000 |
| 69 | 1302003 Rent from Buildings | 3800000 | 0 |
| 70 | 1304001 Rent from Lease of Lands | 100000 | 150000 |
| 71 | 1308002 Rent from Localbody Properties | 5500 | 150000 |
| | Total Rental Income | 7005500 | 7800000 |
| | Total Revenue Receipt | 315722973 | 359709700 |
| | Capital Receipt - 2 | | |
| | Grants, Contribution for Specific Purposes - 320 | | |
| 72 | 3201001 Grants for Specific Purposes - Health Grant towards conversion of PHCs and Subcentres into Health and Wellness Centres | 0 | 1500000 |
| 73 | 3201002 Grants for Specific Purposes - Health Grant Towards support for diagnostic InfraStructure to the PHCs | 0 | 1000000 |
| 74 | 3201004 Central Finance Commission Grant - Tied | 485579699 | 548777739 |
| 75 | 3201005 Central Finance Commission Grant - Untied | 61181825 | 100000000 |
| 76 | 3201011 Prime Minister S Awas Yojana (PMAY) - General | 34050000 | 26250000 |
| 77 | 3201020 Intergrated Child Development Service | 2000000 | 3000000 |
| 78 | 3201023 Member Of Parliament Local And Development Scheme | 1000000 | 100000000 |
| 79 | 3201029 Swaccha Bharat Mission - Solid Waste Management | 0 | 10000000 |
| 80 | 3201030 Swaccha Bharat Mission - IEC | 700000 | 700000 |
| 81 | 3201031 Swaccha Bharat Mission - Capacity Building | 400000 | 500000 |

| | | | |
|---|---|---|---|
| 82 | 3201037 Amrut(Atal Mission For Rejuvanation Of Urban Transformation) | 80000000 | 100000000 |
| 83 | 3201045 Suchitwa Mission Grant | 7463402 | 5000000 |
| 84 | 3202001 Development Fund - General | 133905698 | 77151000 |
| 85 | 3202002 Development Fund - Special Component Plan | 11689532 | 9481000 |
| 86 | 3202003 Development Fund - Tribal Sub-Plan | 42953913 | 45406000 |
| 87 | 3202009 Maintenance Fund - Road Assets | 55222000 | 66732000 |
| 88 | 3202010 Maintenance Fund - Non-Road Assets | 13189411 | 11716000 |
| 89 | 3202017 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Local Area Development Fund For Members Of Legislative Assembly | 3000000 | 100000000 |
| 90 | 3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission | 0 | 8750000 |
| 91 | 3202022 Ayyankali Urban Employment Guarantee Scheme | 30000000 | 35000000 |
| 92 | 3202027 Grants For Specific Purposes - Election | 2500000 | 500000 |
| 93 | 3202028 Grants For Specific Purposes - Disaster Management | 0 | 200000 |
| 94 | 3202032 Literacy Scheme Grant | 0 | 120000 |
| 95 | 3202037 Other Revenue Grants | 33349686 | 0 |
| 96 | 3203001 Grant from Other Government Agencies | 500000 | 500000 |
| 97 | 3208010 Beneficiary Contribution | 0 | 2000000 |
| | Total Grants, Contribution for Specific Purposes | 998685166 | 1254283739 |
| | Secured Loans - 330 | | |
| 98 | 3305003 Loan from K.U.R.D.F.C | 180000000 | 230000000 |
| 99 | 3305004 Loan from HUDCO | 70000000 | 70000000 |
| | Total Secured Loans | 250000000 | 300000000 |
| | Deposits Received - 340 | | |
| 100 | 3401001 Earnest Money Deposit | 0 | 950000 |
| 101 | 3401002 Security Deposit | 0 | 300000 |
| 102 | 3401003 Retention | 5000000 | 5000000 |

| | | | |
|---|---|---|---|
| 103 | 3402001 Rent Deposit | 200000 | 225000 |
| 104 | 3402002 Auction Deposit | 100000 | 125000 |
| 105 | 3402006 Election Deposit(Candidate) | 674000 | 100000 |
| 106 | 3408099 Other deposits received | 30000000 | 300000 |
| | Total Deposits Received | 35974000 | 7000000 |
| | Other Liabilities - 350 | | |
| 107 | 3501104 Provident Fund Loan Payable | 3000000 | 3000000 |
| 108 | 3501105 Pension and Gratuity Payable | 0 | 3000000 |
| 109 | 3502025 Recoveries Payable - Income Tax Deducted at Source | 0 | 200000 |
| 110 | 3502026 Recoveries Payable - Kerala Construction Workers Welfare Fund | 0 | 200000 |
| 111 | 3503005 Government and Other Dues Payable-TDS - CGST | 250000 | 300000 |
| 112 | 3503006 Government and Other Dues Payable-TDS - SGST | 250000 | 300000 |
| 113 | 3503008 Government and Other Dues Payable - CGST | 250000 | 250000 |
| 114 | 3503009 Government and Other Dues Payable - SGST | 0 | 250000 |
| 115 | 3503018 Cess on KCWWF Payable | 0 | 1500000 |
| | Total Other Liabilities | 3750000 | 9000000 |
| | Redemption - 431 | | |
| 116 | 4315002 Receivables from Government (redemption amount) | 0 | 7800000 |
| | Total Redemption | 0 | 7800000 |
| | Loans, Advances and Deposits - 460 | | |
| 117 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 0 | 700000 |
| | Total Loans, Advances and Deposits | 0 | 700000 |
| | Total Capital Receipt | 1288409166 | 1578783739 |
| | Revenue Expenditure - 3 | | |
| | Establishment Expenses - 210 | | |
| 118 | 2101001 Salaries -Secretary | 0 | 1500000 |
| 119 | 2101003 Salaries - Permanent Staff | 25000000 | 27100000 |
| 120 | 2101004 Salaries - Contract Staff | 4800000 | 1000000 |
| 121 | 2101005 Salaries - Temporary Staff | 600000 | 1000000 |
| 122 | 2101006 Salaries - Full time Contingent Staff | 220000 | 0 |

| | | | |
|---|---|---|---|
| 123 | 2101101 Wages | 6000000 | 1600000 |
| 124 | 2101201 Bonus | 0 | 250000 |
| 125 | 2101301 Stipend | 0 | 240000 |
| 126 | 2101401 Honourarium | 500000 | 200000 |
| 127 | 2101501 Festival Allowance | 0 | 110000 |
| 128 | 2102001 Travelling Allowances - Secretary | 100000 | 100000 |
| 129 | 2102003 Travelling Allowances - Permanent Staff | 200000 | 200000 |
| 130 | 2102005 Travelling Allowances - Contingent Staff | 0 | 50000 |
| 131 | 2102006 Other allowances - Secretary | 0 | 10000 |
| 132 | 2102008 Other allowances - Permanent Staff | 25000 | 15000 |
| 133 | 2102010 Other allowances - Contingent Staff | 0 | 10000 |
| 134 | 2102014 Monthly Honorarium and Sitting Allowance -Councillors/ N | 4740000 | 8000000 |
| 135 | 2102015 Uniforms | 200000 | 200000 |
| 136 | 2102017 Festival Allowance | 260000 | 100000 |
| 137 | 2102018 Spectacle Allowance | 0 | 10000 |
| 138 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | 100000 | 200000 |
| 139 | 2102020 Telephone Allowance - Secretary | 0 | 7000 |
| 140 | 2102021 Telephone Allowance - Mayor/ Chairperson/ President | 0 | 7000 |
| 141 | 2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President | 0 | 7000 |
| 142 | 2102024 Shoe Allowance | 0 | 25000 |
| 143 | 2103001 Employer's Contribution to Pension Fund - Regular Employ | 0 | 800000 |
| 144 | 2103004 Employer's Contribution to EPF - Dialy Wages Staff | 100000 | 20000 |
| 145 | 2103006 Employer's Contribution to NPS - Regular Employees | 0 | 1200000 |
| 146 | 2103008 Pension - Regular Employees | 625000 | 800000 |
| 147 | 2104001 Terminal Leave Surrender | 0 | 1000000 |
| 148 | 2105001 Remuneration | 0 | 10000 |
| 149 | 2105099 Other Establishment Expenses | 1200000 | 500000 |
| | Total Establishment Expenses | 44670000 | 46271000 |

| | | | |
|---|---|---|---|
| | Administrative Expenses - 220 | | |
| 150 | 2201001 Rent of Buildings | 150000 | 100000 |
| 151 | 2201002 Land Tax/ Basic Tax | 50000 | 50000 |
| 152 | 2201101 Office Electricity Expenses | 2500000 | 500000 |
| 153 | 2201102 Water Charges - Office | 250000 | 100000 |
| 154 | 2201104 Service Connection Charge (KSEB/ KWA) | 0 | 100000 |
| 155 | 2201105 Water Charges - LB buildings | 0 | 100000 |
| 156 | 2201199 Other Office Maintenance Expenses | 200000 | 100000 |
| 157 | 2201201 Telephone Expenses/ Internet Charges | 200000 | 200000 |
| 158 | 2201202 Postage Expenses | 50000 | 50000 |
| 159 | 2201299 Miscellaneous Communication Expenses | 15000 | 40000 |
| 160 | 2201301 Electricity Charges - Allied Institutions | 100000 | 10000 |
| 161 | 2201302 Water Charges - Allied Institutions | 0 | 10000 |
| 162 | 2201303 Rent - Allied Institutions | 100000 | 0 |
| 163 | 2202001 Books & Periodicals | 50000 | 50000 |
| 164 | 2202101 Printing & Stationery | 550000 | 800000 |
| 165 | 2204001 Insurance | 160000 | 160000 |
| 166 | 2205101 Miscellaneous Legal Expenses | 0 | 10000 |
| 167 | 2205102 Revenue Recovery Charges | 0 | 10000 |
| 168 | 2205201 Professional & Other Fees | 275000 | 300000 |
| 169 | 2206001 Newspaper Advertisement Charges | 200000 | 225000 |
| 170 | 2206099 Other Advertisement & Publicity Charges | 0 | 50000 |
| 171 | 2206101 Membership & Subscriptions | 150000 | 150000 |
| 172 | 2208001 Festival Expenses | 700000 | 700000 |
| 173 | 2208002 Workshops and Seminars | 0 | 25000 |
| 174 | 2208003 Grama Sabha/ Ward Sabha Expenses | 0 | 200000 |
| 175 | 2208005 Donations And Contributions As Per Government Order | 0 | 500000 |
| 176 | 2208006 Expenses towards removal of unauthorised hoardings, Boards, Banners etc.. | 0 | 50000 |
| 177 | 2208099 Miscellaneous Administration Expenses | 5800000 | 2000000 |
| 178 | 2302001 Water Charges - Street Tap | 7200000 | 7200000 |

| | | | |
|---|---|---|---|
| | Total Administrative Expenses | 18700000 | 13790000 |
| | Operation and Maintenance - 230 | | |
| 179 | 2301001 Electricity Charges for Street Lights | 1800000 | 2000000 |
| 180 | 2301002 Fuel Charges | 700000 | 600000 |
| 181 | 2301003 Electricity Charges of Other Buildings of LB | 0 | 150000 |
| 182 | 2301004 Electricity Charges For Crematorium | 0 | 25000 |
| 183 | 2301006 Electricity Charges For Drinking Water Schemes | 0 | 50000 |
| 184 | 2304001 Vehicle Hire Charges | 900000 | 900000 |
| 185 | 2304002 Equipment Hire Charges | 0 | 200000 |
| 186 | 2304099 Other Hire Charges | 150000 | 150000 |
| 187 | 2305301 Repairs & Maintenance - Vehicles | 500000 | 500000 |
| 188 | 2305901 Repairs & Maintenance - Machinery | 0 | 50000 |
| 189 | 2305902 Repairs & Maintenance - Office Equipments | 1500000 | 150000 |
| 190 | 2305909 Other Repairs & Maintenance | 0 | 50000 |
| 191 | 2308003 Expenses for Burying Unclaimed Dead bodies | 100000 | 0 |
| 192 | 2308005 Expenses relating to collection of Taxes | 0 | 100000 |
| 193 | 2308009 Registration Of Vehicles | 0 | 50000 |
| 194 | 2308011 Expenses For Removal Of Unauthorized Construction | 0 | 50000 |
| 195 | 2308012 Expenses Related To Removal Of Encroachments | 0 | 50000 |
| 196 | 2308013 Sanitation Expenses | 0 | 50000 |
| 197 | 2308099 Other Operating & Maintenance Expenses | 0 | 100000 |
| 198 | 2308101 Post Shifting Charge | 0 | 500000 |
| 199 | 2308201 Refreshment Charges | 600000 | 700000 |
| | Total Operation and Maintenance | 6250000 | 6425000 |
| | Interest and Finance Charges - 240 | | |
| 200 | 2407001 Bank Charges | 0 | 5000 |
| 201 | 2408001 Other Finance Expenses | 50000 | 60000 |
| | Total Interest and Finance Charges | 50000 | 65000 |
| | Programe Expenses - 250 | | |
| 202 | 2501001 Election Expenses | 2500000 | 500000 |
| 203 | 2502001 Expenditure on Poverty Eradication Program | 30000000 | 35000000 |

| | | | |
|---|---|---|---|
| 204 | 2502002 Expenses towards Disaster Management Activities | 100000 | 200000 |
| | Total Programe Expenses | 32600000 | 35700000 |
| | Expenses Related to Productive Sector - 251 | | |
| 205 | 2510101 Agriculture - Paddy | 3300000 | 0 |
| 206 | 2510104 Agriculture - Vegetables | 300000 | 0 |
| 207 | 2510136 Agrarian Disease | 50000 | 0 |
| 208 | 2510209 Animal Husbandry - Infrastructure | 1626000 | 0 |
| 209 | 2510210 Animal Husbandry - Disease Control | 100000 | 0 |
| 210 | 2510305 Dairy Development - Milk Incentives | 4225000 | 0 |
| 211 | 2510601 Small scale industries and Micro enterprises | 7206676 | 0 |
| 212 | 2510803 Flood Relief Activities | 100000 | 0 |
| | Total Expenses Related to Productive Sector | 16907676 | 0 |
| | Expenses Related to Service Sector - 252 | | |
| 213 | 2520107 Education-Related Activities | 5140500 | 0 |
| 214 | 2520111 Contribution towards SSA | 2000000 | 0 |
| 215 | 2520201 Continuing Education | 300000 | 0 |
| 216 | 2520502 Arts,Culture,Sports and Youth Welfare-Infrastructure | 585000 | 0 |
| 217 | 2520503 Arts,Culture,Sports and Youth Welfare-Promotion | 1000000 | 0 |
| 218 | 2520602 Health related Programs | 2225332 | 0 |
| 219 | 2520618 Medical Institution - Allopathy | 13091210 | 0 |
| 220 | 2520619 Medical Institution - Ayurvedic | 3255000 | 0 |
| 221 | 2520620 Medical Institution - Homoeo | 500000 | 0 |
| 222 | 2520702 Drinking Water - Public | 3050000 | 0 |
| 223 | 2520801 Housing & House Electrification - Individual | 183232828 | 0 |
| 224 | 2520901 Special Child Welfare Program | 1284033 | 0 |
| 225 | 2520902 Child Welfare Program | 550000 | 0 |
| 226 | 2520903 Women Welfare | 300000 | 0 |
| 227 | 2520904 Welfare of the Aged | 5469035 | 0 |
| 228 | 2520905 Welfare Programs for the Destitute | 1800000 | 0 |
| 229 | 2520906 Welfare Programs for Physically/ Mentally Challenged | 4923500 | 0 |
| 230 | 2520908 Social Security Programme | 175000 | 0 |

| | | | |
|---|---|---|---|
| 231 | 2521001 Anganwadi Nutrition | 8900000 | 0 |
| 232 | 2521002 Other Nutrition Distribution Programme | 160000 | 0 |
| 233 | 2521101 Anganwadi Infrastructure | 448411 | 0 |
| 234 | 2521102 Anganwadi Related Services | 30000 | 0 |
| 235 | 2521201 Vocational Capacity Building - Vocational Training | 1000000 | 0 |
| 236 | 2521601 Local Government Service Delivery Improvement | 43630000 | 0 |
| 237 | 2521602 Payments to IKM | 691985 | 0 |
| 238 | 2521701 Allied Institution Service Delivery Improvement | 50000 | 0 |
| 239 | 2521902 Sanitation & Waste Management - Public | 2220000 | 0 |
| 240 | 2521903 Public Sanitation - Related Activities | 4435000 | 0 |
| 241 | 2521904 Toilet (Individual) | 9303300 | 0 |
| 242 | 2521905 Toilet (Institution Level) | 600000 | 0 |
| 243 | 2521906 Toilet (Public/Community Level) | 13731420 | 0 |
| 244 | 2522001 Plan Formulation, Implementation and Monitoring | 600000 | 0 |
| 245 | 2522203 Draught relief related activities | 500000 | 0 |
| 246 | 2522303 Solid Waste Management - Preparatory Activities | 500000 | 0 |
| 247 | 2522304 Solid Waste Management - Classification | 2000000 | 0 |
| 248 | 2522305 Solid Waste Management - Collection and Transportation | 3533750 | 0 |
| 249 | 2522306 Solid Waste Management - Processing - Institution | 600000 | 0 |
| 250 | 2522308 Solid Waste Management - Processing - Centralised | 500000 | 0 |
| 251 | 2522309 Solid Waste Management - Related Activities | 373500 | 0 |
| 252 | 2522310 Solid Waste Management - Disposal | 231108 | 0 |
| 253 | 2522314 Solid Waste Management - Processing Individual | 2500000 | 0 |
| 254 | 2522315 Liquid Waste Management - Preparatory Activities | 500000 | 0 |
| 255 | 2522317 Liquid Waste Management - Processing | 395797173 | 0 |
| 256 | 2523101 Menstruel Hygiene | 400000 | 0 |
| | Total Expenses Related to Service Sector | 722117085 | 0 |
| | Expenses Related to Infrastructure Sector - 253 | | |
| 257 | 2530101 Street Lights | 2484554 | 0 |
| 258 | 2530102 Office Electrification | 355041 | 0 |

| | | | |
|---|---|---|---|
| 259 | 2530201 Roads | 2500000 | 0 |
| 260 | 2530302 Public Buildings - Other Buildings | 4917112 | 0 |
| 261 | 2530402 Other Constructions - Side Walls | 200000 | 0 |
| 262 | 2530502 Hiring of vehicles for office purposes | 350000 | 0 |
| | Total Expenses Related to Infrastructure Sector | 10806707 | 0 |
| | Expenses related to State Sponsored Schemes - 254 | | |
| 263 | 2540101 Production incentive to Paddy Growers | 0 | 1000000 |
| 264 | 2540103 Financial help to widows towards marriage expenses of daughters | 120000 | 150000 |
| 265 | 2540106 Financial Assistance for Intercaste marriage | 150000 | 175000 |
| 266 | 2540109 Housing grant | 111000000 | 0 |
| 267 | 2540111 Programmes/ Expenditures of Transferred Functions/ Schemes - Pension for Agricultural Workers/ Labour | 6000000 | 6500000 |
| 268 | 2540113 Programmes/ Expenditures of Transferred Functions/ Schemes - Widow Pension | 39000000 | 40000000 |
| 269 | 2540114 Programmes/ Expenditures of Transferred Functions/ Schemes - Pension for Unmarried women aged above 50 | 1600000 | 1650000 |
| 270 | 2540115 Programmes/ Expenditures of Transferred Functions/ Schemes - Pension for Differentially Abled | 11000000 | 11100000 |
| 271 | 2540118 Programmes/ Expenditures of Transferred Functions/ Schemes - Old Age Pension | 82000000 | 85000000 |
| 272 | 2540138 Programmes/ Expenditures of Transferred Functions/ Schemes - Sthree Suraksha Scheme | 13445000 | 36000000 |
| | Total Expenses related to State Sponsored Schemes | 264315000 | 181575000 |
| | Revenue Grants, Cotributions and Subsidies - 260 | | |
| 273 | 2602301 Cutting Charges - Dangerous Trees | 200000 | 200000 |
| | Total Revenue Grants, Cotributions and Subsidies | 200000 | 200000 |
| | Prior Period Items - 280 | | |
| 274 | 2808001 Prior Period Expenses | 3000000 | 300000 |
| 275 | 2808002 Prior Period Expenses - Remittance of Unutilized Grants to | 0 | 200000 |
| | Total Prior Period Items | 3000000 | 500000 |

| | | | |
|---|---|---|---|
| | Total Revenue Expenditure | 1119616468 | 284526000 |
| | Capital Expenditure - 4 | | |
| | Refund of Deposits - 340 | | |
| 276 | 3401001 Earnest Money Deposit | 950000 | 9500000 |
| 277 | 3401002 Security Deposit | 300000 | 300000 |
| 278 | 3401003 Retention | 1000000 | 5000000 |
| 279 | 3402001 Rent Deposit | 200000 | 225000 |
| 280 | 3402002 Auction Deposit | 100000 | 125000 |
| 281 | 3402006 Election Deposit(Candidate) | 500000 | 100000 |
| 282 | 3408099 Other deposits received | 0 | 300000 |
| | Total Refund of Deposits | 3050000 | 15550000 |
| | Payment of Recoveries - 350 | | |
| 283 | 3501104 Provident Fund Loan Payable | 3000000 | 3000000 |
| 284 | 3501105 Pension and Gratuity Payable | 3000000 | 3000000 |
| 285 | 3501116 Pension Contribution Payable | 0 | 1200000 |
| 286 | 3501122 Leave Salary Payable | 2100000 | 0 |
| 287 | 3501301 Employers Liabilities - Pension Contribution (NPS) | 1200000 | 0 |
| 288 | 3501303 Employers Liabilities - Pension Contribution | 1500000 | 0 |
| 289 | 3502025 Recoveries Payable - Income Tax Deducted at Source | 0 | 200000 |
| 290 | 3502026 Recoveries Payable - Kerala Construction Workers Welfare Fund | 0 | 200000 |
| 291 | 3503001 Government and Other Dues Payable - Library Cess Payable | 5000000 | 3000000 |
| 292 | 3503005 Government and Other Dues Payable-TDS - CGST | 300000 | 300000 |
| 293 | 3503006 Government and Other Dues Payable-TDS - SGST | 300000 | 300000 |
| 294 | 3503008 Government and Other Dues Payable - CGST | 400000 | 250000 |
| 295 | 3503009 Government and Other Dues Payable - SGST | 400000 | 250000 |
| 296 | 3503018 Cess on KCWWF Payable | 4500000 | 1500000 |
| | Total Payment of Recoveries | 21700000 | 13200000 |
| | Fixed Assets - 410 | | |
| 297 | 4101007 Crematorium | 500000 | 0 |

| | | | |
|---|---|---|---|
| 298 | 4101008 Public well | 5940383 | 0 |
| 299 | 4102002 Administrative Buildings | 21300000 | 0 |
| 300 | 4102011 Public Comfort Stations | 1388511 | 0 |
| 301 | 4102014 Marriage Hall/ Community Centre Buildings | 50000000 | 0 |
| 302 | 4102016 Other Buildings | 183595365 | 0 |
| 303 | 4102017 Compound Wall | 500000 | 0 |
| 304 | 4102019 Free Style Open Gym | 1000000 | 0 |
| 305 | 4103001 Concrete Roads | 60407736 | 0 |
| 306 | 4103002 Black Topped Roads | 51372000 | 0 |
| 307 | 4103004 Footpath | 24539997 | 0 |
| 308 | 4103006 Mud Roads | 300000 | 0 |
| 309 | 4103008 Bridges | 950000 | 0 |
| 310 | 4103010 Culverts | 9400000 | 0 |
| 311 | 4103012 Side Walls | 12441391 | 0 |
| 312 | 4103101 Sewerage | 1900000 | 0 |
| 313 | 4103102 Drainage | 23618105 | 0 |
| 314 | 4103204 Distribution & Regulation System - Water Supply | 80000000 | 0 |
| 315 | 4103302 Street Light | 4300000 | 0 |
| 316 | 4104001 Plant & Machinery | 12402540 | 0 |
| 317 | 4106001 Office & Other Equipments | 500000 | 0 |
| 318 | 4107001 Furniture, Fixtures, Fittings & Electrical Appliances | 33100000 | 0 |
| 319 | 4108001 Other Fixed Assets | 8195458 | 0 |
| | Total Fixed Assets | 587651486 | 0 |
| | Capital Work in Progress - 412 | | |
| 320 | 4120101 Capital Work In Progress | 26565000 | 0 |
| | Total Capital Work in Progress | 26565000 | 0 |
| | Stock in Hand - 430 | | |
| 321 | 4301002 Purchase of Material - Stores | 1137030 | 0 |
| | Total Stock in Hand | 1137030 | 0 |
| | Loans, Advances and Deposits - 460 | | |
| 322 | 4601001 Festival Advance to Employees | 400000 | 400000 |

| | | | |
|---|---|---|---|
| 323 | 4605004 Temporary Advances for Official Purposes | 1000000 | 0 |
| 324 | 4605005 Advance to Mahatma Gandhi NREGS/ AUEGS | 0 | 700000 |
| | Total Loans, Advances and Deposits | 1400000 | 1100000 |
| | Total Capital Expenditure | 641503516 | 29850000 |
| | Total Expenditure | 1783819984 | 314376000 |
| | 2026-2027-Total plan expenditure | | 1620000000 |
| | Total expenditure | | 1934376000 |
| | Total Receipts | 1604132139 | 1938493439 |
| | Balance | 18382561 | 22500000 |

Report: Summary

From Date: 2026-2027

| SN | PARTICULARS | BUDGET FOR THE CURRENT YEAR | BUDGET FOR NEXT YEAR |
|---|---|---|---|
| 1 | Opening Balance | 198070406 | 18382561 |
| 2 | Total Revenue Receipts | 315722973 | 359709700 |
| 3 | Total Capital Receipts | 1288409166 | 1578783739 |
| 4 | Total Receipts | 1604132139 | 1938493439 |
| 5 | Grand Total | 1802202545 | 1956876000 |
| 6 | Total Revenue Expenditure | 1119616468 | 284526000 |
| 7 | Total Capital Expenditure | 641503516 | 29850000 |
| 8 | 2026-2027-Total plan expenditure | | 1620000000 |
| 8 | Total Expenditure | 1783819984 | 1934376000 |
| 9 | Closing Balance | 18382561 | 22500000 |
| 10 | Poverty Alleviation Fund | 306000000 | 35000000 |

| പെർഫോമൻസ് ബജറ്റ് | | | | | | |
|---|---|---|---|---|---|---|
| ക്രമ നം | പ്രൊജക്റ്റിന്റെ പേര് | വിഹിതം രൂപ | | | ഫലം | പ്രതീക്ഷിത പരിണിത ഫലം |
| | | നോൺപ്ലാൻ ബജറ്റ് | പ്ലാൻ ബജറ്റ് | ആകെ | | |
| 1 | നെൽകൃഷി പ്രോത്സാഹനം | | 5000000 | 5000000 | നെൽകൃഷി പ്രോത്സാഹിപ്പിക്കുക | നെല്ല് ഉല്പാദനം വർദ്ധിപ്പിക്കുക.ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക |
| 2 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | | 2000000 | 2000000 | ക്ഷീരകർക്ഷകരെ പ്രോത്സാഹിപ്പിക്കുക | പാൽ ഉല്പാദനം വർദ്ധിപ്പിക്കുക.ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക |
| 3 | കാലിത്തൊഴുത്ത് നവീകരണം | | 1800000 | 1800000 | ക്ഷീരകർക്ഷകരെ പ്രോത്സാഹിപ്പിക്കുക | പാൽ ഉല്പാദനം വർദ്ധിപ്പിക്കുക.ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക |
| 4 | ഭവന നവീകരണം(ജനറൽ) | | 7200000 | 7200000 | വാസയോഗ്യമായ ഭവനം ലഭ്യമാക്കുക | മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പാക്കുക |
| 5 | ബഡ്സ് സ്കൂൾ നടത്തിപ്പ് | | 1000000 | 1000000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട പഠന സൌകര്യം ഒരുക്കുക | ഭിന്നശേഷി വിദ്യാർത്ഥികളുടെ സാമൂഹിക നിലവാരം മെച്ചപ്പെടുത്തുക |
| 6 | വരൾച്ച കുടിവെള്ള വിതരണം | | 300000 | 300000 | വരൾച്ച ബാധിത പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുക | വരൾച്ച ബാധിച്ച പ്രദേശത്ത് ശുദ്ധജല ലഭ്യത ഉറപ്പാക്കുക |
| 7 | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് | | 100000000 | 100000000 | നഗരസഭയുടെ ഭൌതിക സാഹചര്യം മെച്ചപ്പെടുത്തുക | നഗരസഭയുടെ വരുമാനം വർദ്ധനവ് |

| | | | | | | |
|---|---|---|---|---|---|---|
| 8 | അമൃത് 2.0 പാർക്ക് | | 5000000 | 5000000 | കുടിവെള്ള ക്ഷാമം പരിഹരിക്കുക | എല്ലാ വീടുകളിലും ശുദ്ധജല ലഭ്യത ഉറപ്പാക്കുക |
| 9 | തെരുവ് വിളക്ക് സ്ഥാപിക്കൽ | | 5000000 | 5000000 | നഗരസഭയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക | രാത്രികാലത്തെ സുരക്ഷിതമായ യാത്ര ഉറപ്പാക്കുക |
| 10 | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ പദ്ധതി | | 2500000 | 2500000 | നഗരസഭയുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക | രാത്രികാലത്തെ സുരക്ഷിതമായ യാത്ര ഉറപ്പാക്കുക |
| 11 | മാനന്തവാടി ടൌൺ നവീകരണം | | 1200000 | 1200000 | നഗരസഭ പരിധിയിലെ ടൌണുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക | ശുചിത്വ സുന്ദര നഗരമായി നഗരസഭയെ മാറ്റുക |
| 12 | എം സി എഫ് കൺസ്ട്രക്ഷൻ | | 4120000 | 4120000 | മാലിന്യ പരിപാലനം | നഗരസഭയെ സമ്പൂർണ്ണ ശുചിത്വ നഗരമാക്കി മാറ്റുക |
| 13 | പെയിൻ ആന്റ് പാലിയേറ്റീവ് | | 1000000 | 1000000 | കിടപ്പുരോഗികളുടെ പരിപാലനം | കിടപ്പുരോഗികളുടെ ക്ഷേമം ഉറപ്പാക്കുക |
| 14 | വയോമിത്രം | | 1500000 | 1500000 | വയോജനങ്ങളുടെ ക്ഷേമം | നഗരസഭയെ വയോദന സൌഹൃദമാക്കി മാറ്റുക |

| ജെൻഡർ ബജറ്റ് | | | | | | |
|---|---|---|---|---|---|---|
| ക്രമ നം | പ്രൊജക്റ്റിന്റെ പേര് | വിഹിതം രൂപ | | | ഫലം | പ്രതീക്ഷിത പരിണിത ഫലം |
| | | നോൺ പ്ലാൻ ബജറ്റ് | പ്ലാൻ ബജറ്റ് | ആകെ | | |
| 1 | വനിത ഹെൽത്ത് ക്ലബ്ബ് | | 1500000 | 1500000 | വനിതകളുടെ ആരോഗ്യ പരിപാലനം | വനിതകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക |
| 2 | സ്ത്രീ രോഗ നിർണ്ണയ ക്യാമ്പ് | | 200000 | 200000 | വനിതകളുടെ ആരോഗ്യ പരിപാലനം | വനിതകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക |
| 3 | പച്ചക്കറി കൃഷി | | 300000 | 300000 | വനിതകളെ സ്വയംപര്യാപ്തരാക്കുക | വനിതകളെ സാമ്പത്തികമായി സ്വയം പര്യാപ്തരാക്കുക |
| 4 | ഷീ ലോഡ്ജ് പൂർത്തീകരണം | | 2217701 | 2217701 | സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുക | നഗരസഭയെസ്ത്രീ സൌഹൃദ മാക്കി മാറ്റുക |